ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ഒക്ടോബർ 2020

പുസ്തകം 1 ലക്കം 2

**ജി എസ് ടി നഷ്ടപരിഹാരം : നഷ്ടമാകുന്നത് കേന്ദ്ര-സംസ്ഥാന ബന്ധത്തിന്റെ വിശ്വാസ്യത**

**ജി എസ് ടി നഷ്ടപരിഹാരത്തിൽ എന്തിന് സംസ്ഥാനങ്ങൾ സഹിക്കണം?**

**സാമ്പത്തിക രംഗത്ത് കാർമേഘമായി കോവിഡ് -19**

**ജി എസ് ടി വരുമാനം കോവിഡിന് മുൻപും ശേഷവും**

**കോവിഡ് 19 : റബർ വിപണിക്ക് തിരിച്ചടി**

**വരുമാനവും കൂലിയും കേരളത്തിൽ : ഒരു താരതമ്യം**

**കോവിഡ് ആഘാതം : അസംഘടിത മേഖല വറചട്ടിയിൽ നിന്ന് എരിതീയിലേക്ക്**

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ഒക്ടോബർ 2020 പുസ്തകം 1 ലക്കം 2

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ടി എം തോമസ് ഐസക്ക്

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
എൻ രാമലിംഗം
എൽ അനിതാകുമാരി

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

ഡിസൈൻ, ലേ ഔട്ട്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.

Email : keralaeconomy@gift.res.in

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം


പേജ്

*എഡിറ്റോറിയൽ* 2

1. **ജി എസ് ടി നഷ്ടപരിഹാരം : നഷ്ടമാകുന്നത് കേന്ദ്ര- സംസ്ഥാന ബന്ധത്തിന്റെ വിശ്വാസ്യത** 5
   ടി . എം തോമസ് ഐസക്ക്
2. **ജി.എസ്.ടി നഷ്ടപരിഹാരത്തിൽ എന്തിന് സംസ്ഥാനങ്ങൾ സഹിക്കണം?** 10
   കെ ജെ ജോസഫ്, എൻ രാമലിംഗം
3. **സംസ്ഥാന സാമ്പത്തികം**
   സാമ്പത്തിക രംഗത്ത് കാർമേഘമായി കോവിഡ് –19 14
   ആർ. കെ സിംഗ്, എൽ. അനിതാകുമാരി
4. **ടാക്സ് മോണിറ്റർ**
   ജി എസ് ടി വരുമാനം കോവിഡിന് മുൻപും ശേഷവും 20
   ആനന്ദ് സിങ്, എൻ. രാമലിംഗം
5. **പ്രൈസ് മോണിറ്റർ**
   കോവിഡ് 19 : റബർ വിപണിക്ക് തിരിച്ചടി 27
   ഡി. നാരായണ
6. **ലേബർ & എംപ്ലോയ്മെന്റ്**
   വരുമാനവും കൂലിയും കേരളത്തിൽ : ഒരു താരതമ്യം 32
   എ വി ജോസ്
7. **സെക്ടറൽ ഫോക്കസ്**
   കോവിഡ് ആഘാതം : അസംഘടിത മേഖല
   വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് 37
   കെ ജെ ജോസഫ്, പി വി ബാബു
8. **New studies on Kerala** 41
   Young scholars' forum, GIFT.
9. **What is new(s) from GIFT** 46

# എഡിറ്റോറിയൽ

## മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി

കേരള ഇക്കോണമിയുടെ ഉദ്ഘാടന പതിപ്പ് കേരളത്തിന്റെ വികസനത്തെ കുറിച്ച് ശ്രദ്ധേയമായ ചില നിരീക്ഷണങ്ങൾ നടത്തിയിരുന്നു. സംസ്ഥാനത്തിന്റെ വികസനത്തെ താല്പര്യപൂർവം സമീപിക്കുന്നവർക്ക് അവഗണിക്കാൻ കഴിയാത്ത നിരീക്ഷണങ്ങളായിരുന്നു അത്. ജി.എസ്.ടി കണക്കുകൾ പ്രകാരം നോക്കുമ്പോൾ കേരളം ഏകദേശം ഒന്നര ലക്ഷം കോടി രൂപയുടെ ഉത്പന്നങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നുണ്ട്. അരി, ഗോതമ്പ്, പയർ, പരിപ്പ് വർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങി ജി.എസ്.ടി ചുമത്താത്ത ഉത്പന്നങ്ങൾ ഒഴിച്ചുള്ള കണക്കാണ് ഇത്. എന്നാൽ കേരളം മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്ന സാധനങ്ങളുടെ മൂല്യം അര ലക്ഷം കോടി രൂപയോളം മാത്രമാണ്. അതായത്, സംസ്ഥാനം ഒരു വർഷം സുമാർ ഒരു ലക്ഷം കോടി രൂപയുടെ വ്യാപാര കമ്മി നേരിടുന്നു എന്നർത്ഥം. മറ്റു വിധത്തിൽ പറഞ്ഞാൽ സംസ്ഥാനത്തിനകത്ത് സൃഷ്ടിക്കാൻ കഴിയുമായിരുന്ന വൻ തോതിലുള്ള തൊഴിൽ അവസരങ്ങളാണ് ഇത് വഴി നാം നഷ്ടപ്പെടുത്തുന്നത്. സാമ്പത്തിക വികസന കാര്യത്തിൽ പൊതുവെ പറയുന്ന ഒരു ആപ്തവാക്യമുണ്ട്- വ്യവസായവത്കരിക്കുക, അല്ലെങ്കിൽ സ്വയം നശിക്കുക. അതുകൊണ്ട് നമ്മുടെ അടിസ്ഥാനപരമായ പല പ്രശ്നങ്ങളുടെയും മൂലകാരണവും ഇങ്ങനെ നഷ്ടമാകുന്ന അവസരങ്ങൾ തന്നെയാണ് എന്നുകാണാം. ഉദാഹരണത്തിന് രാജ്യത്തെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്ക്, പ്രവാസികളുടെ ആധിക്യം, കുറഞ്ഞ തോതിലുള്ള വ്യവസായവൽക്കരണം തുടങ്ങിയ കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രകടമാകുന്നതിന് കാരണം മറ്റൊന്നുമല്ല. അതുകൊണ്ട് തന്നെ സംസ്ഥാന ജി.എസ്.ഡി.പിയിൽ വ്യവസായമേഖലയുടെ സംഭാവന കേരളത്തിൽ ദേശീയ തലത്തിലുള്ളതിന്റെ പകുതിയിൽ താഴെയാണെന്ന് കാണാം. ഇത് മൂലമുണ്ടാകുന്ന കുറഞ്ഞ നികുതി വരുമാനവും ഉയർന്ന തോതിലുള്ള ചെലവുകളും കേരളത്തെ കൂടുതൽ പൊതുകടമെടുപ്പിന് നിർബന്ധിതമാക്കുന്ന സാഹചര്യവും ഉണ്ടാക്കുന്നുണ്ട്.

എന്നാൽ ആശ്വാസകരമായ കാര്യം ഇക്കാര്യത്തിൽ ഒരു പൊളിച്ചെഴുത്തിനുള്ള സ്ഥിതി സംജാതമാകുന്നു എന്നതാണ്. 2014-15 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ വ്യവസായ മേഖല രണ്ടക്കത്തിലുള്ള വളർച്ചാ നിരക്കാണ് രേഖപ്പെടുത്തുന്നത്. 2017-18 സാമ്പത്തിക വർഷം മാത്രമാണ് ഇതിന് അപവാദമായിട്ടുള്ളത്. ആ വർഷം ഉണ്ടായ കറൻസി നിരോധനമാണ് ഇതിന് കാരണം. ഈ മാറ്റത്തിന്റെ ഫലമായി 2014-15 ൽ 1.2 ശതമാനമായിരുന്ന വ്യവസായ രംഗത്തെ ദേശീയ മൂല്യ വർദ്ധനവിലെ കേരളത്തിന്റെ പങ്ക് 2018-19 ൽ 1.6 ശതമാനത്തിലേക്ക് ഉയർന്നു. ഇതിനിടയിൽ എത്തിയ കോവിഡ് മഹാമാരി സാമ്പത്തിക മേഖലക്ക് വലിയ തിരിച്ചടിയായിട്ടുണ്ടെങ്കിലും വിദേശ മലയാളികളുടെ തിരിച്ചുവരവ് അടക്കമുള്ള കാര്യങ്ങൾ പ്രയോജനപ്പെടുത്തി പുതിയ അവസരങ്ങൾ തുറന്നെടുക്കാനുള്ള

ഊർജിത ശ്രമങ്ങൾ ഇപ്പോൾ സജീവമാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നൂറുദിന കർമ്മ പദ്ധതിയിൽ വ്യവസായ മേഖല നിർണ്ണയകമായ പങ്കാണ് വഹിക്കുന്നത്. 2400 സൂക്ഷ്മ, ചെറുകിട , ഇടത്തരം (എം.എസ്.എം.ഇ) യൂണിറ്റുകൾ വഴിയായും 4053 എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട് യൂണിറ്റുകൾ വഴിയായും വ്യവസായ മേഖലയിൽ 23100 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനു പുറമെ, കുടുംബശ്രീ യൂണിറ്റുകൾ വഴി 15690 തൊഴിൽ അവസരങ്ങളും സഹകരണ മേഖലയിൽ 18079, കാർഷിക സംസ്കരണ മേഖലയിൽ 1230, ഐ. ടി രംഗത്ത് 2500 വീതവും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

കോവിഡ് മഹാമാരിയുടെ ഈ ഘട്ടത്തിൽ വികസന രംഗത്തെ ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി ഒരു ശ്രദ്ധേയമായ ചുവടുവയ്പായി വിലയിരുത്താനാകും. വർഷം തോറും ആയിരം എന്ന കണക്കിൽ അഞ്ചു വർഷം കൊണ്ട് അയ്യായിരം പുതിയ സംരംഭങ്ങൾ തുട ങ്ങുവാൻ ലക്ഷ്യമിട്ട ഈ പദ്ധതിയുടെ സ്വീകാര്യത കാരണം വർഷം രണ്ടായിരം എന്ന തോതിൽ ഉയർത്തുകയുണ്ടായി. നമ്മുടെ സാധ്യതകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ഇത് അപ്രാപ്യമായ ഒരു ലക്ഷ്യമല്ല. പക്ഷെ സമയബന്ധിതമായ പ്രവർത്തനമാണ് മുഖ്യം. കേരള ഫിനാൻഷ്യൽ കോർപറേഷനെ (കെ.എഫ്.സി) ചുമതലയേല്പിച്ചിരിക്കുന്ന ഈ പദ്ധതിയിൽ ഏഴു ശതമാനം പലിശ നിരക്കിൽ സംരംഭകർക്ക് 50 ലക്ഷം രൂപ വരെ വായ്പ ലഭ്യമാകും. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് നാലു ശതമാനമായിരിക്കും പലിശ. വനിതാ സംരംഭകർക്ക് പദ്ധതിയിൽ പ്രത്യേക ആനുകൂല്യങ്ങളും ലഭ്യമാക്കും. 2020 ജൂലൈ 27 നാണ് സംസ്ഥാന സർക്കാർ ഈ പദ്ധതി പ്രഖ്യാപിച്ചത്. രണ്ടു മാസത്തിനുള്ളിൽ തന്നെ 355 സംരംഭകർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാന ധനമന്ത്രിയുടെ നിർദേശാനുസരണം നൂതനമായ രീതിയിലാണ് കെ.എഫ്.സി ഈ പദ്ധതി നടപ്പാക്കി വരുന്നത്. ഇത്തരുണത്തിൽ സംരംഭകർക്ക് വായ്പ നൽകുന്ന ഒരു ധനകാര്യ സ്ഥാപനം എന്ന നിലയിൽ നിന്നും വികസന രംഗത്തെ ഒരു സജീവ പങ്കാളി എന്ന രീതിയിലേക്ക് കെ.എഫ്.സിയെ പുനർവിന്യസിക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ പുരോഗമിക്കുകയാണ്. ഈ പ്രവർത്തനത്തിൽ വൈജ്ഞാനിക പങ്കാളി എന്ന നിലയിൽ കെ.എഫ്.സിയുമായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനും കൈകോർക്കുകയാണ്. ഇതിന്റെ ഒരു തുടക്കമെന്ന നിലയിൽ വായ്പ ലഭ്യമാക്കുന്നതിന് മുൻപ് സംരംഭകർക്കായി ഒരാഴ്ച നീളുന്ന ഒരു സംരംഭകത്വ പരിശീലന പരിപാടി പ്രാവർത്തികമാക്കിയിരിക്കുകയാണ്. ഗിഫ്റ്റിലെ ഫാക്കൽറ്റി അംഗങ്ങൾക്ക് പുറമെ പരിചയ സമ്പന്നരായ സംരംഭകർ, പ്രഗത്ഭരായ നയരൂപീകരണ വിദഗ്ദർ, സാമ്പത്തിക വിദഗ്ദർ തുടങ്ങിയവർ ഈ പരിപാടിയിൽ പരിശീലകരായി എത്തും. മാത്രവുമല്ല, പങ്കെടുക്കുന്ന സംരംഭകർ തമ്മിലുള്ള ആശയവിനിമയം വഴിയായി സംയുക്ത നേട്ടം കൈവരിക്കുന്നതിനും പരിശീലന പരിപാടി അവസരമൊരുക്കും.

ഇതൊരു തുടക്കമായി എന്നതിൽ സംശയമില്ല എന്നാൽ നാം വളരെയധികം മുന്നോട്ട് പോകേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ മികച്ച മത്സരക്ഷമത കൈവരിക്കുക എന്നത് നിലനിൽപിന്റെയും പുരോഗതിയുടെയും കാര്യത്തിൽ സുപ്രധാനമായ സംഗതിയാണ്. മത്സ രക്ഷമമാകുന്നതിന് നൂതനത്വത്തിലൂന്നിയ (ഇന്നോവേഷൻ) ഉത്പന്നങ്ങളും, ഉത്പാദന രീതി കളും, വിപണനവും, സംഘാടനവും കൂടിയേതീരു. ഇതിനുതകുന്ന സാഹചര്യം ദേശീയ, പ്രാദേശിക, മേഖലാതലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനായി അതത് മേഖലകളിലെ

വ്യാപാര, വ്യവസായ, സർക്കാർ, വിദ്യാഭ്യാസ, തൊഴിലാളി മാധ്യമ പ്രസ്ഥാനങ്ങളുടെ ശക്തമായ ഏകോപനവും അതിലൂടെ നവീന ആശയങ്ങളുടെ രൂപപ്പെടലും, ഉണ്ടായാൽ മാത്രമേ കേരളത്തിനനിവാര്യമായ മാറ്റം സാധ്യമാവുകയുള്ളു. ഇക്കാര്യത്തിൽ സർക്കാരുകളുടെ വലിയ പങ്കിലേക്കാണ് മറ്റു രാജ്യങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ വിരൽചൂണ്ടുന്നത്. ഈവിധ മാറ്റങ്ങൾ കേരളത്തിലും സാധ്യമാകും എന്ന പ്രത്യാശയോടെ.

കെ ജെ ജോസഫ്

# ജി എസ് ടി നഷ്ടപരിഹാരം : നഷ്ടമാകുന്നത് കേന്ദ്ര-സംസ്ഥാന ബന്ധത്തിന്റെ വിശ്വാസ്യത

ടി . എം തോമസ് ഐസക്ക്

പതിനാല് വർഷം നീണ്ട സുചിന്തമായ ചർച്ചകളുടെ പരിണിതഫലമായാണ് ജി. എസ്.ടി സമ്പ്രദായം നടപ്പിലായത്. 2002 ഡിസംബർ മാസത്തിലാണ് ഇത് സംബന്ധിച്ച ചർച്ചകൾക്ക് തുടക്കം കുറിച്ചത്. ചർച്ചയുടെ ഘട്ടങ്ങളിലെല്ലാം സംസ്ഥാനങ്ങൾ പങ്ക് വച്ച പ്രധാന ആശങ്ക നികുതി പിരിവിനുള്ള അധികാരം കയ്യൊഴിയുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തെ കുറിച്ചായിരുന്നു. ഉല്പാദന കേന്ദ്രീകൃതം എന്ന നിലയിൽ നിന്ന് ഉപഭോഗ കേന്ദ്രീകൃതമായി നികുതിയുടെ ഉറവിടം മാറുന്നു എന്നതാണ് ഇതിനു ആസ്പദമായ പ്രധാന കാരണം.

2016 ജൂൺ 14നും ജൂലൈ 26നും ചേർന്ന സംസ്ഥാന ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതിയുടെ യോഗങ്ങളിൽ ജി.എസ്.ടി നഷ്ടപരിഹാരത്തെ കുറിച്ച് വിശദമായ ചർച്ച നടന്നിരുന്നു. അഞ്ചു വർഷത്തേക്ക് നഷ്ടപരിഹാര തുക പൂർണമായി കേന്ദ്രം നൽകണമെന്ന് സംസ്ഥാനങ്ങൾ ഏകകണ്ഠമായി ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലുള്ള ഉത്ക്കണ്ഠ അന്നത്തെ കേന്ദ്ര ധനമന്ത്രിയെ ബോധ്യപ്പെടുത്തുകയും അദ്ദേഹം അതിന് അനുകൂലമായി പ്രതികരിക്കുകയും ചെയ്തിരുന്നു. അടുത്ത അഞ്ചു വർഷത്തേക്ക് ജി.എസ്.ടി കുടിശിക പൂർണ്ണമായി നൽകുമെന്ന് അദ്ദേഹം ഉന്നതാധികാര സമിതിക്ക് ഉറപ്പും നൽകി.

വാറ്റ് കുടിശ്ശികയുടെ കാര്യത്തിൽ ഉണ്ടായ മോശം അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ജി.എസ്.ടി കുടിശിക നിയമപരമായി തന്നെ ഉറപ്പ് വരുത്തണമെന്ന് സംസ്ഥാനങ്ങൾ വ്യക്തമാക്കുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാർ അത് അംഗീകരിക്കുകയും ഭരണഘടനാ ഭേദഗതിയിൽ അത് ഉൾപ്പെടുത്തുകയും ചെയ്തു. സംസ്ഥാനങ്ങളുടെ ആശങ്ക അകറ്റുന്നതിനായി ബില്ലിൽ 'may' എന്ന വാക്കിന് പകരം 'parliament shall by law' എന്ന് ഉൾപ്പെടുത്തുകയുണ്ടായി. 2016 ആഗസ്റ്റ് മൂന്നിന് രാജ്യസഭയിൽ നടന്ന ചർച്ചകൾക്ക് മറുപടി പറയവെ, അന്നത്തെ ധനമന്ത്രിയുടെ വാക്കുകളിൽ ഈ ഉറപ്പ് പ്രകടമാവുകയും ചെയ്തിരുന്നു. അതുകൊണ്ട് നഷ്ടപരിഹാരം എന്നത്, ജി എസ് ടി നിയമം നടപ്പാക്കുന്ന കാര്യത്തിൽ അതി നിർണായകമായ പങ്ക് വഹിച്ചുവെന്ന വസ്തുത ആർക്കും നിഷേധിക്കാനാകില്ല.

ഇതനുസരിച്ച് ജി എസ് ടി കൗൺസിലിൽ നഷ്ടപരിഹാര വിഷയം ഉയർന്നു വന്നപ്പോൾ അതുസംബന്ധിച്ച നടപടിക്രമങ്ങളെ കുറിച്ച് മാത്രമാണ് അന്ന് ചർച്ച നടത്തിയത്. നഷ്ടപരിഹാരത്തിനുള്ള തുക എങ്ങനെ കണ്ടെത്തുമെന്ന ചർച്ച നടന്നപ്പോൾ ഇതിനായി പ്രത്യേക നഷ്ടപരിഹാര സെസ്സ് ചുമത്തുന്നതിന് നീണ്ട ചർച്ചകൾക്ക് ശേഷം കൗൺസിൽ അംഗീകാരം നൽകി. 2016ലും 2017ലും നടന്ന വിവിധ കൗൺസിൽ

യോഗങ്ങളിൽ നഷ്ട പരിഹാരവും നഷ്ടപരിഹാര സെസും തമ്മിലുള്ള ബന്ധം സംബന്ധിച്ച് ആഴത്തിലുള്ള ചർച്ചകൾ നടന്നു. കേരളത്തിന് പുറമെ, ആന്ധ്രപ്രദേശ്, പഞ്ചാബ്, ഉത്തർ പ്രദേശ് , രാജസ്ഥാൻ, തെലങ്കാന, പശ്ചിമ ബംഗാൾ, ആസാം, ഗുജറാത്ത്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങൾ ഇക്കാര്യത്തിലെ കേന്ദ്ര സർക്കാരിന്റെ ബാധ്യതയെ കുറിച്ച് ശ്കതമായ വാദങ്ങൾ ഉന്നയിച്ചു. സെസ്സ് വഴിയുള്ള ഫണ്ട് തികയാതെ വന്നാൽ ബാക്കി തുക കേന്ദ്രം നികത്തി നൽകണമെന്നും ആവശ്യമുയർന്നു. ഇതനുസരിച്ച് അന്നത്തെ ധനമന്ത്രി നൽകിയ ഉറപ്പ് ഇപ്രകാരമായിരുന്നു : 'അടുത്ത അഞ്ചു വർഷത്തേക്ക് നഷ്ടപരിഹാര തുക പൂർണ്ണമായും വിതരണം ചെയ്യും. ഇത് അഞ്ചു വർഷം എന്ന പരിധിക്കുള്ളിൽ തന്നെ നടപ്പാക്കും. ദ്വിമാസാടിസ്ഥാനത്തിൽ ഇത് നൽകുന്നതിന് ഫണ്ടിന്റെ കുറവുണ്ടായാൽ അധിക തുക കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ജി എസ് ടി കൗൺസിൽ ചർച്ച ചെയ്യും. മാർക്കറ്റിൽ നിന്നുള്ള കടമെടുക്കൽ അടക്കം ഇതിനായി അവലംബിക്കും. ഇങ്ങനെ വായ്പയെടുക്കുന്ന തുക ആറാം വർഷം മുതൽക്ക് ശേഖരിക്കുന്ന സെസിൽ നിന്ന് തിരിച്ചടക്കും.' ഇതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

മഹാമാരിയുടെ ഈ ഘട്ടത്തിലും നഷ്ടപരിഹാര കാര്യത്തിലെ ഈ കുഴഞ്ഞു മറിഞ്ഞ അവസ്ഥയുടെ കാരണങ്ങളെ കുറിച്ച് നാം വിചിന്തനം ചെയ്യേണ്ടതുണ്ട്. നഷ്ടപരിഹാരത്തിൽ 14 ശതമാനം വർധന എന്ന കാര്യവും നിരന്തരമായ ചർച്ചക്ക് ശേഷം അംഗീകരിക്കപ്പെട്ട കാര്യമാണ്. പക്ഷെ, വരുമാനത്തിന്റെ വർധനയുടെ കാര്യത്തിൽ അന്നുണ്ടായിരുന്ന ആത്മവിശ്വാസം മൂന്ന് വർഷങ്ങൾക്കിപ്പുറം ഇല്ല. ഐ ടി അടിസ്ഥാന സൗകര്യങ്ങളുടെ അപൂർണ്ണമായ നടപ്പാക്കൽ, ഭരണപരമായുണ്ടായ വീഴ്ചകൾ തുടങ്ങിയ ഘടകങ്ങൾ പുതിയ നികുതി സമ്പ്രദായത്തിന്റെ നിറം കെടുത്തി എന്ന് പറയാം. തിരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ട്, വേണ്ടത്ര ആലോചന ഇല്ലാതെ നികുതി നിരക്കുകൾ കുറച്ചത് വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. നിലവിലെ നിരക്കുകൾ റവന്യു ന്യുട്രൽ അല്ല എന്നതാണ് വസ്തുത.

2019 –20 ൽ പ്രകടമായ, ജി ഡി പിയിലെ ഗുരുതരമായ ഇടിവ് നഷ്ടപരിഹാര കമ്മിയുടെ സ്ഥിതി കൂടുതൽ വഷളാക്കി. ഗോവയിൽ ചേർന്ന മുപ്പത്തിയേഴാമത് ജി എസ് ടി കൗൺസിൽ യോഗത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷന്റെ മറ്റൊരു മുഖമാണ് കണ്ടത്. യോഗത്തിൽ സംസാരിച്ച കമ്മീഷൻ ചെയർമാൻ നഷ്ടപരിഹാര ഫോർമുലയെ കുറിച്ച് സംസ്ഥാനങ്ങൾ പുനർവിചിന്തനം ചെയ്യണമെന്ന വിചിത്രമായ ആവശ്യം മുന്നോട്ട് വയ്ക്കുകയായിരുന്നു. രാജ്യത്ത് നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ നഷ്ടപരിഹാരത്തിൽ 14 ശതമാനം വാർഷിക വർധന എന്നത് പ്രായോഗികമല്ല എന്ന തരത്തിലുള്ള നിർദേശമാണ് അദ്ദേഹം ഉയർത്തിയത്. രാഷ്ട്രീയ ഭേദമന്യേ എല്ലാ സംസ്ഥാനങ്ങളും ഈ നിർദേശം ചർച്ച ചെയ്യാൻ പോലും കൂട്ടാക്കാതെ തള്ളുകയായിരുന്നു. ജി എസ് ടി കൗൺസിലിന്റെ ഈ വിഷയത്തിലുള്ള സത്യസന്ധമായ മനോഭാവമാണ് ഇതിൽ തെളിഞ്ഞു നിന്നത്. എന്നാൽ നഷ്ടപരിഹാരം സെസ് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചായിരിക്കുമെന്ന് കഴിഞ്ഞ കേന്ദ്ര ബജറ്റിൽ വ്യക്തമാക്കിയിരുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തെ കുറിച്ച് മാത്രം ചർച്ച ചെയ്യുന്നതിന് കൗൺസിലിന്റെ പ്രത്യേക യോഗം ചേരണമെന്ന് ഡൽഹിയിൽ ചേർന്ന മുപ്പത്തിയൊമ്പതാമത് ജി എസ് ടി കൗൺസിൽ യോഗം തീരുമാനമെടുത്തു.

നാല്പതാമത്തെ യോഗത്തിലും സംസ്ഥാനങ്ങൾ ഈ വിഷയം ഉന്നയിച്ചു. ഈ കുരുക്ക് അഴിക്കുന്നതിന് സംസ്ഥാനങ്ങളുടെ നിർദേശങ്ങൾ തേടണമെന്നും അവ കണക്കിലെടുത്ത്,

കേന്ദ്രം എല്ലാ തരത്തിലുമുള്ള പരിശോധന കൾക്ക് ശേഷം വ്യത്യസ്തമായ അഭിപ്രായ ങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനങ്ങൾക്ക് അയച്ചു കൊടുക്കണമെന്നും തീരുമാനിച്ചു. എന്നാൽ അടുത്ത യോഗത്തിൽ കേന്ദ്രം അറ്റോർണി ജനറലിന്റെ നിർദേശം ചർച്ചക്ക് വയ്ക്കുകയും പ്രശ്നം പരിഹരിക്കുന്നതിന് വായ്പയെടുക്കുന്നതിനുള്ള രണ്ടു നിർദേശ ങ്ങൾ അവതരിപ്പിക്കുകയുമാണ് ചെയ്തത്. ഇക്കാര്യത്തിൽ ഏതെങ്കിലും ഒരു നിർദേശം സ്വീകരിച്ച് പത്തു ദിവസത്തിനകം അറിയിക്ക ണമെന്ന ഏകപക്ഷീയമായ തീരുമാനം അടിച്ചേൽപ്പിക്കുകയാണ് ഉണ്ടായത്. എല്ലാവിധ ജനാധിപത്യ മര്യാദകളും കാറ്റിൽ പറത്തിയാണ് ഈ തീരുമാനം എടുത്തത്. നാല്പത്തിയൊന്നാമത്തെ കൗൺസിൽ യോഗത്തിൽ ഒരു അജണ്ട നോട്ട് പോലുമു ണ്ടായില്ല എന്ന് മാത്രമല്ല, അറ്റോർണി ജനറലിന്റെ അഭിപ്രായം യോഗത്തിന് മുൻപ് സംസ്ഥാനങ്ങൾക്ക് അയച്ചു കൊടുത്തതു മില്ല. കാര്യങ്ങൾ അവതരിപ്പിച്ച ശേഷം രണ്ടു നിർദേശങ്ങൾ സംസ്ഥാനങ്ങൾക്ക് മുൻ പാകെ വയ്ക്കുകയും അതിൽ ഒന്ന് തിരഞ്ഞെടുത്ത് ഒരാഴ്ചക്കകം അറിയിക്കാ നുമാണ് നിർദേശിച്ചത്. ഇപ്രകാരം തീരുമാനിച്ച് അറിയിക്കുന്നില്ലെങ്കിൽ നഷ്ടപരിഹാരമേയില്ല എന്ന് ഭീഷണിയുടെ സ്വരത്തിലുള്ള പ്രതികരണവും ഉണ്ടായി. ഈ സാഹചര്യത്തിൽ കൗൺസിലിനകത്ത് തന്നെ ഒരു തർക്ക പരിഹാര സംവിധാനം എത്രയും വേഗം ഉണ്ടാകേണ്ടത് അനിവാര്യ മാവുകയാണ്.

ഇവിടെ ഒരു പുതിയ രീതി തന്നെ ഉദയം കൊള്ളുകയായിരുന്നു. ജി എസ് ടി നടപ്പാ ക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടപരിഹാരം എന്നതിനൊപ്പം മഹാമാരി കാരണവും എന്ന് കൂടി ചേർക്കപ്പെടുകയാണ്. ജി എസ് ടി നടപ്പാക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടപരി ഹാരം എന്നത് ഭരണഘടന ഭേദഗതിയുടെ ആർട്ടിക്കിൾ 19ൽ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗമാണ്. കോവിഡ് മൂലമുണ്ടാ കുന്നവരുമാന കുറവിന്റെ അടിസ്ഥാനത്തിൽ നഷ്ട പരിഹാരം 2022നു അപ്പുറത്തേക്ക് നീളാം. എന്നാൽ ഈ കാലവിളംബത്തിന് പലിശ ഉണ്ടാകുമോ എന്നതിന് വ്യക്ത യുമില്ല. നഷ്ടപരിഹാര ഫോർമുല രൂപപ്പെടുത്തുന്ന ഘട്ടത്തിൽ സാമ്പത്തിക മാന്ദ്യം, മഹാമാരി, നോട്ട് നിരോധനം തുടങ്ങിയ കാര്യങ്ങളൊന്നും കണക്കിലെ ടുത്തിരുന്നില്ല. ജി എസ് ടി നഷ്ടപരിഹാരം എങ്ങനെ കണക്കാക്കണമെന്ന വ്യക്തമായ നിർദേശങ്ങൾ നിയമത്തിലുണ്ട്. അവിടെ യൊന്നും പ്രകൃതിയുടെയോ, മനുഷ്യരു ടെയോ, ദൈവത്തിന്റെയോ ഇടപെടലിനെ കുറിച്ച് ഒരു സൂചന പോലുമില്ല. 'ജി എസ് ടി നടപ്പാക്കുന്നത് മൂലമുണ്ടാകുന്ന' എന്ന പ്രയോഗം തന്നെ 'സംസ്ഥാനങ്ങളുടെ നികുതി പിരിക്കുന്നതിനുള്ള അധികാരം ഇല്ലാതാകുന്നത് മൂലം' എന്നതിനെയാണ് അർത്ഥമാക്കുന്നത്. കേന്ദ്രത്തിന്റെ കൺസോ ളിഡേറ്റഡ് ഫണ്ടിൽ നിന്ന് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സർക്കാരിന് ബാധ്യതയില്ലെന്ന എ ജിയുടെ വാദവും സർക്കാർ മുന്നോട്ട് വച്ചു. ബിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ കൺസോളി ഡേറ്റഡ് ഫണ്ടിൽ നിന്ന് നഷ്ടപരിഹാരം അനുവദിക്കണമെന്ന ഭേദഗതി ലോക്സഭ വോട്ടിനിട്ട് തള്ളിയതാണെന്നും കേന്ദ്രം വാദിക്കുന്നു. കേന്ദ്ര സർക്കാർ മുന്നോട്ട് വച്ച രണ്ടു നിർദേശങ്ങളിൽ ഏതെങ്കിലും ഒന്ന് സ്വീകരിക്കുന്നതിന് ഇത്തരത്തിലുള്ള വാദഗതികളാണ് സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. ഇത് സാമ്പത്തിക കാര്യങ്ങളി ലുള്ള കേന്ദ്ര -സംസ്ഥാന ബന്ധങ്ങളുടെ ഏറ്റവും മോശമായ സ്ഥിതിയാണെന്ന് വിലയിരുത്തേണ്ടി വരും.

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ സാമ്പത്തിക കാര്യങ്ങളിൽ ഉണ്ടാകേണ്ട വിശ്വാസ്യതയിൽ വലിയ തോതിലുള്ള ഉടവ് തട്ടിയിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ

നിദേശങ്ങൾ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും സാമ്പത്തിക സ്വയംഭരണം പരിഗണിച്ചുമാണോ എന്ന വിഷയത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. സെസ്, സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കപ്പെടുന്ന വരുമാനത്തിന് പുറത്താകയാൽ യഥാർത്ഥത്തിൽ മൊത്തം വരുമാനത്തിന്റെ 32 ശതമാനം മാത്രമാണ് കേന്ദ്രം സംസ്ഥാനങ്ങളുമായി പങ്കിടുന്നത്. എന്നാൽ 42 ശതമാനം പങ്കു വയ്ക്കപ്പെടുമെന്നായിരുന്നു കേന്ദ്ര വാഗ്ദാനം. ഐ ജി എസ് ടി ഇനത്തിലെ വരുമാനത്തിൽ 2017 –18ൽ 88,344.22 കോടി രൂപയും 2018 –19ൽ 13,944 കോടി രൂപയും കേന്ദ്ര സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തെറ്റായി വകയിരുത്തുകയുണ്ടായി. തുടർച്ചയായി നടന്ന ഇത്തരം രീതികളുടെ ഫലമായി ഐ ജി എസ് ടി വിഹിതത്തിൽ നിന്ന് സംസ്ഥാനങ്ങൾക്ക് കിട്ടേണ്ട യഥാർത്ഥ തുകയിൽ കുറച്ചാണ് കിട്ടിയതെന്ന് കാണാം. ഐ ജി എസ് ടി തെറ്റായി വരവ് വച്ചതിന് പുറമെ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ഐ ജി എസ് ടി വരുമാനം ക്രമവത്കരിക്കുകയും തുടർന്ന് കേന്ദ്ര വിഹിതത്തിൽ നിന്ന് സംസ്ഥാനങ്ങൾക്ക് ഷെയർ ചെയ്യാതിരുന്നതുമാണ് ഇതിനു കാരണമായത്. ഒരു പരിധി വരെ സംസ്ഥാനങ്ങളുടെ കാര്യത്തിൽ കൃത്രിമമായ വരുമാന നഷ്ടമുണ്ടാവുകയും നഷ്ടപരിഹാര ഫണ്ട് കേന്ദ്രത്തിന്റെ വരുമാനകുറവ് പരിഹരിക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തുവെന്ന് കാണാം. അതുകൊണ്ട് ഇത് യഥാർത്ഥ വരുമാന കണക്കുകൾ വ്യക്തമാക്കുന്നില്ല. അക്കൗണ്ടന്റ് ജനറൽ ഈ തെറ്റ് ചൂണ്ടികാണിച്ചിട്ടും 2018 –19ലും ഇതുതന്നെ തുടർന്നു.

രണ്ടു ശതമാനം സി എസ് ടിയിൽ വ്യവസായ സ്ഥാപനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് പെട്രോളിയം ഉത്പന്നങ്ങൾ വാങ്ങുന്നത് വിലക്കണമെന്ന് രാഷ്ട്രീയ വ്യത്യാസമെന്യേ എല്ലാ സംസ്ഥാന സർക്കാരുകളും ആവശ്യപ്പെടുന്നതാണ്. പക്ഷെ, ഇതിനായി സി എസ് ടി നിയമത്തിൽ ഭേദഗതി വേണമെന്ന ആവശ്യം ഇനിയും അംഗീകരിക്കപ്പെട്ടിട്ടില്ല. ഇത് സംസ്ഥാനങ്ങളുടെ റവന്യു വരുമാനത്തെ ഏറെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇപ്പോൾ സംസ്ഥാനങ്ങൾ അവരുടെ പരിമിതമായ വായ്പയെടുക്കുന്നതിനുള്ള പരിധി പ്രയോജനപ്പെടുത്തി ജി എസ് ടി നഷ്ടപരിഹാരത്തിന്റെ മുഴുവൻ ബാധ്യതയും വഹിക്കേണ്ട അവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പും ജി എസ് ടി നഷ്ടപരിഹാരവുമായി യാതൊരു ബന്ധവുമില്ല. എന്നാൽ ഇപ്പോൾ ഇവ രണ്ടും കൂട്ടികെട്ടിയിരിയ്ക്കുകയാണ്.

ഒരു തരത്തിലുള്ള ചർച്ചകളും ആവശ്യമില്ലാത്ത രണ്ടു പ്രധാന തത്വങ്ങൾ നഷ്ടപരിഹാര കാര്യത്തിൽ ഉണ്ട്. 1) നഷ്ടപരിഹാരത്തെ ജി എസ് ടി നടപ്പാക്കിയത് മൂലം, കോവിഡ് കാരണം എന്നിങ്ങനെ തരംതിരിക്കാൻ കഴിയില്ല. വരുമാനത്തിൽ ഉണ്ടാകുന്ന എല്ലാ നഷ്ടവും പരിഹരിക്കപ്പെടേണ്ടതാണ്. ഇത് സംസ്ഥാനങ്ങളുടെ ഭരണഘടനപരമായ അവകാശമാണ്. 2) നഷ്ടപരിഹാരത്തെ സംസ്ഥാനങ്ങളുടെ സാധാരണ നിലയിലുള്ള കടമെടുപ്പുമായോ, അധിക കടമെടുപ്പുമായോ ബന്ധിപ്പിക്കാൻ പാടുള്ളതല്ല.

എന്നാൽ കേന്ദ്ര സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള രണ്ടു പരിഹാര നിർദേശങ്ങളും ഈ അടിസ്ഥാന തത്വങ്ങൾക്കെതിരാണ്. അതുകൊണ്ട് അത് അംഗീകരിക്കാൻ കഴിയില്ല. ഈ രണ്ടു തത്വങ്ങളും അംഗീകരിക്കുന്ന ഘട്ടത്തിൽ താഴെ കൊടുത്തിരിക്കുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ചയാവാം, സമവായത്തിലെത്താം.

എ) ആരാണ് വായ്പയെടുക്കുക? കേന്ദ്രമോ, സംസ്ഥാനമോ? ഏതു അനുപാതത്തിൽ?

ബി) ഈ വർഷം എത്ര തുക വായ്പ

യെടുക്കും? എത്ര തുകയാണ് 2022 ലേക്ക് മാറ്റി വയ്ക്കുക?

സി) അഞ്ചു വർഷം കഴിഞ്ഞ് തിരിച്ചട വിനായി സെസ് തുടരുമോ?

ഡി) അനുബന്ധമായ മറ്റു വിഷയങ്ങൾ

സംസ്ഥാനങ്ങൾ നേരിടുന്ന സാമ്പത്തിക ഞെരുക്കം കണക്കിലെടുത്ത് നഷ്ടപരിഹാ രത്തിന്റെ ഒരു ഭാഗം ഉടനടി വിതരണം ചെയ്യേണ്ടതാണ്. സംസ്ഥാനങ്ങൾ ഒരു തരത്തിലുള്ള അധിക ചെലവിനും മുതിരുന്നില്ല. പക്ഷെ അവർക്ക് ബഡ്ജറ്റ് ചെയ്തിരിക്കുന്ന ചെലവുകൾ നിർവ്വഹിക്കേ ണ്ടതുണ്ട്. സംസ്ഥാനങ്ങളോട് ചെലവുകൾ ചുരുക്കണമെന്ന് പറയുന്നത് സാമ്പത്തിക സിദ്ധാന്തങ്ങളുമായി ഒരു വിധത്തിലും പൊരുത്തപ്പെടുന്ന കാര്യമല്ല. പ്രത്യേകിച്ച്, ഇന്ത്യയിലെ മൊത്തം സർക്കാർ ചെലവു കളുടെ 60 ശതമാനവും നടക്കുന്നത് സംസ്ഥാനങ്ങൾ വഴിയാണ് എന്നത് കൊണ്ട് തന്നെ. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ജി ഡി പി കൂപ്പുകുത്തി യിട്ടും ലോകത്ത് ഏറ്റവും മോശമായ ഉത്തേജക പാക്കേജ് പ്രഖ്യാപിച്ചത് ഇന്ത്യയി ലാണെന്ന് നമുക്കറിയാം.

മേല്പറഞ്ഞ വിഷയങ്ങളിന്മേൽ ജി എസ് ടി കൗൺസിലിൽ ഒരു സമവായം ഉരുത്തിരി യുന്നില്ലെങ്കിൽ എത്രയും വേഗം ഒരു തർക്ക പരിഹാര സംവിധാനത്തിന് രൂപം നൽകുകയാണ് വേണ്ടത്. നഷ്ടപരിഹാര ത്തിന്റെ കാര്യത്തിൽ ഇടക്കാല സഹായവും പെട്ടെന്ന് ഉണ്ടാകണം. ജി എസ് ടി കൗൺസിലിന് ഒരു വൈസ് ചെയർമാനെ തിരഞ്ഞെടുക്കണമെന്ന ചിരകാലമായ ആവശ്യം വേഗത്തിൽ നടപ്പാക്കുകയും വേണം.

■

(2020 ഒക്ടോബർ അഞ്ചിന് ചേർന്ന ജി എസ് ടി കൗൺസിലിന്റെ നാല്പത്തിരണ്ടാമത് യോഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി നടത്തിയ പ്രസംഗത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.)

# ജി.എസ്.ടി നഷ്ടപരിഹാരത്തിൽ എന്തിന് സംസ്ഥാനങ്ങൾ സഹിക്കണം?

കെ ജെ ജോസഫ്, എൻ രാമലിംഗം

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബാന്ധവം പലപ്പോഴും ഒരു നല്ല അന്തരീക്ഷത്തിലല്ല മുന്നോട്ട് പോകുന്നത്. എന്നാൽ ഈ ചേർച്ചയില്ലായ്മ ബന്ധം വേർപെടുത്തുന്ന തലത്തിലേക്ക് വളരാറില്ല. അതുകൊണ്ട് യാഥാർഥ്യം പലപ്പോഴും മറിച്ചാണെങ്കിലും, പൊതുവേ പ്രശ്നത്തിലല്ല എന്ന തോന്നലാണ് പുറമെ നിന്ന് വീക്ഷിക്കുന്നവർക്ക് ഉണ്ടാകുന്നത്. ധനകാര്യ കമ്മീഷന്റെ പ്രവർത്തനവും അനുരഞ്ജന മാർഗത്തിൽ ചരിക്കുക എന്ന സംസ്ഥാനങ്ങളുടെ നിലപാടും കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ വഷളാകാതെ മുന്നോട്ട് കൊണ്ട് പോകുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നതായി കാണാം. ഇത്തരത്തിലുള്ള സമവായങ്ങളുടെ ഏറ്റവും ഒടുവിലുണ്ടായ ഒരു തെളിവാണ് ജി.എസ്.ടി നടപ്പായതിലൂടെ വെളിവായത്. ഒരു ദശകത്തിലേറെ നീണ്ട ചർച്ചകളിലൂടെയാണ് ഇത് സാധ്യമായത്. പരോക്ഷ നികുതി വരുമാന രംഗത്ത് ഇരുപക്ഷവും അതുവരെ അനുഭവിച്ചുപോന്ന പല സൗകര്യങ്ങളും ഇതിനായി ബലി കഴിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്. നികുതി വരുമാനത്തിൽ വാർഷികാടിസ്ഥാനത്തിൽ 14 ശതമാനം വളർച്ച എന്ന വ്യവസ്ഥയിന്മേലാണ് സംസ്ഥാനങ്ങൾ ഇത്തരത്തിൽ ഒരു ഒത്തുതീർപ്പിന് വഴങ്ങിയത്. അതുകൊണ്ട് ജി.എസ്.ടി നടപ്പാക്കുമ്പോൾ നഷ്ടപരിഹാരം എന്ന ഒരു വ്യവസ്ഥ ഇല്ലായിരുന്നു എന്ന് ചിന്തിക്കുക. അങ്ങനെയായിരുന്നെങ്കിൽ ഈ നിയമം തന്നെ പാസാകുമായിരുന്നില്ല. അപ്പോൾ 'ഒരു രാജ്യം, ഒറ്റ നികുതി' എന്ന രാജ്യത്തിന്റെ ചിരകാല സ്വപ്നവും സാക്ഷാത്കരിക്കപ്പെടുമായിരുന്നില്ല. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ ഏറ്റവും വലിയ പ്രത്യേകതയായ ഫെഡറൽ സഹകരണം എന്ന അടിത്തറയുടെ നിർണ്ണായക വിജയം കൂടിയായിരുന്നു ജി.എസ്.ടി നടപ്പാക്കൽ എന്ന് വിലയിരുത്താൻ കഴിയും.

***ജി എസ് ടി നടപ്പാക്കുന്നതിന് സംസ്ഥാനങ്ങൾ തങ്ങളുടെ മൊത്തം നികുതി വരുമാനത്തിന്റെ 51.8 ശതമാനം വിട്ടുകൊടുത്തപ്പോൾ കേന്ദ്രത്തിന് ഇപ്രകാരം നൽകേണ്ടി വന്നത് 28 .8 ശതമാനം മാത്രമാണ്.***

എന്നാൽ സമീപകാലത്ത് കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു. ലോകത്ത് ഏറ്റവും കുറഞ്ഞ വളർച്ച നിരക്ക് രേഖപ്പെടുത്തുന്ന രാജ്യങ്ങളിൽ ഒന്നായി ഇന്ത്യ മാറിയതോടെ കേന്ദ്ര സർക്കാർ നിലപാടിൽ മലക്കം മറിഞ്ഞു. ജി.എസ്.ടി നഷ്ടപരിഹാരം എന്ന വലിയ ബാധ്യത എങ്ങനെയും തങ്ങളുടെ തലയിൽ നിന്ന് ഒഴിവാക്കാനായി കേന്ദ്ര ശ്രമം. കോവിഡ് മഹാമാരി ഇന്ത്യൻ

***ജി എസ് ടി നടപ്പാക്കുന്നതിനുള്ള ചർച്ചകൾ നടക്കുമ്പോൾ നഷ്ടപരിഹാരം എന്ന വ്യവസ്ഥ ഉണ്ടായിരുന്നില്ലെങ്കിൽ ഈ സമ്പ്രദായം നടപ്പിലാകുമായിരുന്നില്ല. അതായത് 'ഒരു രാജ്യം ഒറ്റ നികുതി' എന്നത് ഒരു സ്വപ്നമായി മാറുമായിരുന്നു എന്ന് സാരം.***

സമ്പദ്ഘടനക്കേൽപ്പിച്ച കനത്ത ആഘാതത്തെ ദൈവത്തിന്റെ ഇടപെടലായി വിശേഷിപ്പിച്ച കേന്ദ്രം വരുമാന നഷ്ടം നികത്തുന്നതിന് സംസ്ഥാനങ്ങൾ കടമെടുക്കണമെന്ന നിർദേശം മുന്നോട്ട് വയ്ക്കുകയായിരുന്നു. എന്നാൽ സംസ്ഥാനങ്ങളാകട്ടെ ഈ ഘട്ടത്തിൽ അതീവ ഗുരുതരമായ ധനപ്രതിസന്ധിയേയാണ് നേരിടുന്നത്. വരുമാന മാർഗ്ഗങ്ങൾ വലിയൊരളവോളം അടഞ്ഞ സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ ചെലവുകൾ കുതിച്ചുയരുകയുണ്ടായി. ജീവൻ രക്ഷ പ്രവർത്തനങ്ങൾ അടക്കമുള്ള ആരോഗ്യ മേഖലയിൽ ചെലവ് ദുർവഹമാം വിധം വർധിച്ചു. അതുകൊണ്ട് ജി.എസ്.ടി നഷ്ടപരിഹാര കാര്യത്തിൽ വിട്ടുവീഴ്ചക്കുള്ള യാതൊരു പഴുതും സംസ്ഥാന സർക്കാരുകൾക്ക് മുന്നിൽ ഇല്ലാതായി.

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നികുതി വരുമാനം ഷെയർ ചെയ്യുക എന്നത് ജി.എസ്.ടി യുടെ അടിസ്ഥാന ശിലകളിൽ ഒന്നാണ്. ഇവിടെ ഒരു പ്രധാന പ്രശ്നം ഉയരുന്നുണ്ട് - ജി.എസ്.ടി വരുമാനം തുല്യമായി ഭാഗിക്കുമ്പോൾ അതുമൂലം സംഭവിക്കുന്ന നഷ്ടവും തുല്യമായി തന്നെ ഷെയർ ചെയ്യേണ്ടിയിരുന്നില്ലേ എന്നതാണ് അത്. ജി.എസ്.ടി നടപ്പാക്കുന്നതിന് മുൻപ് ഇരു വിഭാഗങ്ങൾക്കും ലഭിച്ചിരുന്ന വരുമാനം ഇത്തരമൊരു വിശകലനത്തിൽ വളരെ പ്രാധാന്യമേറിയ ഒന്നാണ്. പ്രശസ്ത സാമ്പത്തിക വിദഗ്ധനും കേന്ദ്രസർക്കാരിന്റെ മുൻ സാമ്പത്തിക ഉപദേഷ്ടാവുമായിരുന്ന അരവിന്ദ് സുബ്രഹ്മണ്യന്റെ നേതൃത്വത്തിലുള്ള ഒരു സമിതി 2015-ൽ നടത്തിയ പഠനത്തിൽ ഇതിനുള്ള വ്യക്തമായ ഉത്തരം നൽകുന്നുണ്ട്. കമ്മറ്റി പറയുന്നത് കേന്ദ്രം സഹിക്കേണ്ടി വരുന്ന വരുമാന നഷ്ടം 3.28 ലക്ഷം കോടി രൂപയെന്നാണ്. എന്നാൽ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം 3.69 ലക്ഷം കോടി രൂപയും. ഞങ്ങളുടെ കണക്കുകൾ പ്രകാരം സംസ്ഥാനങ്ങൾക്ക് മൊത്തം നികുതി വരുമാനത്തിന്റെ 51.8 ശതമാനം നഷ്ടമാകുമ്പോൾ കേന്ദ്രത്തിന് സംഭവിക്കുന്ന നഷ്ടം കേവലം 28.8 ശതമാനം മാത്രമാണ്. രൂപകണക്കിൽ മാത്രമെടുക്കു മ്പോൾ ഇതിലെ വ്യത്യാസം അത്ര ഭീമമൊന്നുമല്ലെങ്കിലും ആപേക്ഷികമായി നോക്കുമ്പോൾ കേന്ദ്രത്തിന് സംഭവിക്കുന്ന നഷ്ടത്തിന്റെ ഇരട്ടിയോളമാണ് സംസ്ഥാനങ്ങളുടെ നഷ്ടം. ഈയടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ സംസ്ഥാനങ്ങൾക്ക് അവർ കൂടുതൽ നഷ്ടം സഹിക്കുന്നതിന് പകരമായി ഭരണഘടനയുടെ അടിസ്ഥാന ത്തിൽ തന്നെ നൽകപ്പെടുന്ന വിലയാണ് ജി.എസ്.ടി നഷ്ടപരിഹാരം.

റവന്യു ന്യൂട്രലായ നികുതി നിരക്ക് എന്നത് ജി.എസ്.ടി നടപ്പാക്കുന്നതിനുള്ള ഒരു മുൻ ഉപാധിയാണ്. അതായത് ഇത് വഴിയായി കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഉണ്ടാകുന്ന വരുമാന നഷ്ടം ഏറ്റവും പരിമിതമായ തോതിലേക്ക് കൊണ്ടുവരുന്നു എന്നർത്ഥം. 2009ൽ രൂപീകൃതമായ അരവിന്ദ് മോദിയുടെ നേതൃത്വത്തിലുള്ള ടാസ്ക് ഫോഴ്സിന്റെ ശുപാർശ സി.ജി.എസ്.ടി അഞ്ചു ശതമാനവും എസ്.ജി.എസ്.ടി ഏഴു ശതമാനവുമാകണമെന്നായിരുന്നു. അരവിന്ദ് സുബ്രഹ്മണ്യൻ കമ്മറ്റി ശുപാർശ ചെയ്തത് ഇത് യഥാക്രമം എട്ട് ശതമാനവും ഒൻപത് ശതമാനവും വേണമെന്നായിരുന്നു. ഇതിൽ നിന്ന് വ്യക്തമാകുന്ന ഒരു കാര്യം വരുമാന നഷ്ടം ഏറ്റവും കുറഞ്ഞ തോതിലാക്കു ന്നതിന്

***നഷ്ടപരിഹാരം ഇല്ലാതെ അഞ്ചു വർഷത്തിന് ശേഷവും എങ്ങനെ ജി എസ് ടി തുടരുമെന്നത് ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ്. സംസ്ഥാനങ്ങൾക്ക് നികുതി വരുമാനത്തിന്റെ അധിക പങ്ക് ലഭിക്കാത്തിടത്തോളം ഇത്തരമൊരു ആശങ്ക അസ്ഥാനത്തല്ല.***

സംസ്ഥാന നികുതി കേന്ദ്രത്തിനെ ക്കാൾ കൂടുതലായിരിക്കണമെന്നതാണ്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാരം എന്നത് ഭരണഘടനാദത്തമായ ഒരു അവകാശമാക്കിയത് വഴി ഇക്കാര്യത്തിൽ ഒരു ഒത്തുതീർപ്പിന് സംസ്ഥാനങ്ങൾ വഴങ്ങുകയായിരുന്നു. അതുകൊണ്ടാണ് എസ്.ജി.എസ്.ടി, സി.ജി.എസ്.ടി നിരക്കുകൾ ഒരേ നിലയിലായത്.

യാഥാർത്ഥത്തിൽ നികുതി വരുമാനം നികുതി അടിത്തറയെ ആധാരമാക്കിയാണ് നിലകൊള്ളുന്നത്. ജി.എസ്.ടി നടപ്പാക്കുന്നതിന് മുൻപ് എക്സൈസ് തീരുവ ഉല്പാദന പോയിന്റിലാണ് ഈടാക്കിയിരുന്നത്. അതുകൊണ്ട് ടാക്സ് ബേസ് വളരെ ചെറുതായിരുന്നു എന്ന് കാണാം. എന്നാൽ സംസ്ഥാനങ്ങളുടെ നികുതി അടിത്തറ കുറേക്കൂടി വിപുലമായിരുന്നു. കാരണം അവസാന ഉപഭോക്താവ് വരെയുള്ള, സപ്ലൈ ചെയിനിലെ എല്ലാ പോയിന്റിലും നികുതി ചുമത്താൻ അവർക്ക് കഴിയുമായിരുന്നു. മാത്രവുമല്ല ഉല്പാദനത്തിന് ശേഷം സപ്ലൈ ചെയിനിലെ ഓരോ ഘട്ടത്തിലും ഏകദേശം 50 ശതമാനത്തോളം മൂല്യ വർദ്ധനവ് സാധനങ്ങൾക്ക് വരുന്നത് മൂലം നികുതി വരുമാനത്തിലും ഈ വർദ്ധനവ് പ്രകടമായിരുന്നു. ഇത് പൂർണ്ണമായും സംസ്ഥാനങ്ങൾക്ക് ലഭ്യമായിരുന്നു.

എന്നാൽ ജി.എസ്.ടി നടപ്പിലായതോടെ ടാക്സ്ബേസ് കേന്ദ്രത്തിന് കൂടുതൽ അനുകൂലമായി മാറുകയായിരുന്നു. അതായത് 'ഒരു രാജ്യം ഒരു നികുതി' എന്ന ആശയം നടപ്പാക്കുന്നതിന് സംസ്ഥാനങ്ങളാണ് കൂടുതൽ നഷ്ടം സഹിക്കേണ്ടി വന്നത് എന്നർത്ഥം. ഇവിടെ ഒരു കാര്യം മനസിലാക്കേണ്ടതുണ്ട്. ഇപ്രകാരം നികുതി അടിത്തറ പങ്ക് വയ്ക്കുന്നതിന് ജി.എസ്.ടി നഷ്ടപരിഹാരം എന്ന ഒരേയൊരു അനുകൂല്യമല്ലാതെ ജി.എസ്.ടി നിയമം സംസ്ഥാനങ്ങൾക്ക് മറ്റൊരു തരത്തിലുള്ള ആനുകൂല്യവും നൽകുന്നില്ല എന്നതാണ് അത്.

നികുതിയിന്മേൽ നികുതി ചുമത്തും മുമ്പ് ഉണ്ടായിരുന്ന സമ്പ്രദായം വിലവർദ്ധനവിനും വികസന മുരടിപ്പിനും കാരണമായിരുന്നെങ്കിലും സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ജി.എസ്.ടിക്ക് മുൻപുള്ള ഘട്ടത്തിൽ അധിക വിഭവ സമാഹരണത്തിനുള്ള ഒരു തനത് മാർഗമായിരുന്നു ഇത്. കേന്ദ്രത്തിന് ലഭ്യമായ ഈ മാർഗവും വർധിച്ച നികുതി അടിത്തറയും കണക്കിലെടുക്കുമ്പോൾ അധിക നികുതി വരുമാനം ലഭിക്കുമ്പോൾ അതിന്റെ ഉയർന്ന നേട്ടം സംസ്ഥാനങ്ങൾക്ക് കൂടി അവകാശപ്പെട്ടതാണ്. അതുകൊണ്ട് കേന്ദ്രത്തെ അപേക്ഷിച്ച് കൂടുതൽ നഷ്ടം ഉണ്ടായിരിക്കുന്നത് സംസ്ഥാനങ്ങൾക്കാണ്. ജി.എസ്.ടി നഷ്ടപരിഹാരം എന്ന വലിയ ഓഫർ കണ്ടുകൊണ്ട് തന്നെയാണ് നികുതി പെരുപ്പം വഴി കേന്ദ്രത്തിനുണ്ടാകുന്ന നേട്ടവും സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടവും അവർ വിസ്മരിച്ചത്.

ടാക്സ് ബേസിന് പുറമെ നികുതി വരുമാനത്തെ സ്വാധീനിക്കുന്ന ഒരു നിർണ്ണായക ഘടകം നികുതി നിരക്കുകളാണ്. ജി.എസ്.ടിക്കു മുൻപുള്ള ഘട്ടത്തിൽ മിക്കവാറും ഉത്പന്നങ്ങൾക്ക് 14.5 ശതമാനമായിരുന്നു സംസ്ഥാനങ്ങൾ ചുമത്തിയിരുന്ന നികുതി. എന്നാൽ ജി.എസ്.ടി വന്നതോടെ ഈ ഗണത്തിൽപെടുന്ന ഉത്പന്നങ്ങളുടെ നികുതി ഒന്നുകിൽ 12 ശതമാനമോ, അല്ലെങ്കിൽ 18

ശതമാനമോ ആയി മാറി. ഇതിൽ സംസ്ഥാനങ്ങളുടെ വിഹിതമാകട്ടെ യഥാക്രമം ആറും ഒൻപതും ശതമാനം വീതമാണ്. ഒരു ചെറിയ വിഭാഗം ഉത്പന്നങ്ങളുടെ നികുതി 28 ശതമാനമായി കൂടിയെങ്കിലും ഇതിൽ സംസ്ഥാനങ്ങളുടെ വിഹിതം 14 ശതമാനം മാത്രമാണ്. ഈ സഹചര്യത്തിൽ 12 ശതമാനം നികുതി ഏർപ്പെടുത്തിയ സാധനങ്ങളിൽ നിന്നുള്ള സംസ്ഥാനങ്ങളുടെ നികുതി വിഹിതം 8.5 ശതമാനത്തിലേക്കും 18 ശതമാനമായതിന്റേത് 5.5 ശതമാനത്തിലേക്കും താഴ്ന്നതായി മനസിലാക്കാം. ഈ നഷ്ടത്തിനുമുള്ള പരിഹാരവും നഷ്ടപരിഹാരം മാത്രമാണ്.

ഇവിടെ ഒരു കാര്യം സുവ്യക്തമാണ്. ഒരു രാജ്യം, ഒരു മാർക്കറ്റ്, ഒരു നികുതി എന്ന ആശയം സാക്ഷാത്ക്കരിക്കുന്നതിനായി സംസ്ഥാനങ്ങൾ നടത്തിയ ഉപാധിരഹിതമായ കീഴടങ്ങലിന്റെ അടിത്തറയിന്മേലാണ് ജി.എസ്.ടി നഷ്ടപരിഹാര നിയമം നിർമിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ നഷ്ടപരിഹാരം എന്ന ആശയം ഇല്ലായിരുന്നുവെങ്കിൽ പിറക്കാതെ പോകുമായിരുന്ന ഒരു കുഞ്ഞാണ് ജി.എസ്.ടി എന്നോർക്കണം. ഈ സഹചര്യത്തിൽ നഷ്ടപരിഹാരം എന്നൊന്നില്ലാതെ അഞ്ചു വർഷത്തിന് ശേഷം സംസ്ഥാനങ്ങൾക്ക് ഉയർന്ന നികുതി വിഹിതം ഉറപ്പാക്കാതെ എങ്ങനെയാണ് ജി.എസ്.ടി സമ്പ്രദായത്തിന് മുന്നോട്ട് പോകാൻ കഴിയുക എന്നതും ചിന്തനീയമായ വിഷയമാണ്. ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ കണക്കിലെടുക്കുമ്പോൾ നഷ്ടപരിഹാരം എന്നത് കേവലം അഞ്ചു വർഷത്തേക്ക് എന്ന് ചുരുക്കാനാകില്ല. എത്രകാലം ജി.എസ്.ടി ഉണ്ടാകുമോ അത്രയും കാലം സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുക എന്നതാണ് നീതിപൂർവമായ പങ്കുവയ്ക്കലും സഹകരണവും.

■

(കെ ജെ ജോസഫ് – ഡയറക്ടർ, എൻ രാമലിംഗം – അസോസിയേറ്റ് പ്രൊഫസർ, ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ)

സംസ്ഥാന സാമ്പത്തികം

# സാമ്പത്തിക രംഗത്ത് കാർമേഘമായി കോവിഡ് –19

ആർ. കെ സിംഗ്, എൽ. അനിതാകുമാരി

കോവിഡ് 19 മഹാമാരി കേരളത്തിന്റെ സമ്പദ് വ്യവസ്ഥക്ക് മേൽ ദുരന്തസമാനമായ പ്രത്യാഘാതമാണ് വരുത്തിവച്ചിരിക്കുന്നത്. നോട്ട് നിരോധനം, തുടർച്ചയായ രണ്ടു വർഷങ്ങളിൽ ഉണ്ടായ പ്രളയം തുടങ്ങിയ പ്രതികൂല സാഹചര്യം സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ മാന്ദ്യത്തിലേക്ക് നയിച്ചിരുന്നു. ഈ ഘട്ടത്തിൽ അശനിപാതം പോലെ എത്തിയ മഹാമാരി ജനങ്ങളുടെ വരുമാനത്തെ ഏറെക്കുറെ തകർക്കുന്ന സാഹചര്യം സൃഷ്ടിച്ചു. സംസ്ഥാനത്തിന്റെ ധനക്കമ്മി 112.9 ശതമാനത്തിലേക്ക് കുതിച്ചുയരുന്നതിന് ഇത് വഴിയൊരുക്കി. ജി എസ് ടി കുടിശിക സമയബന്ധിതമായി ലഭ്യമാക്കുന്ന കാര്യത്തിലും കേന്ദ്ര സഹായം നൽകുന്നതിലും ഉദാരമായ സമീപനം ഉണ്ടാകുന്നില്ലെങ്കിൽ കാര്യങ്ങൾ കൂടുതൽ വഷളാകുന്നതിനുള്ള സാധ്യത കണക്കിലെടുക്കേണ്ടതുണ്ട്.

***കേരളത്തിന്റെ സാമ്പത്തിക രംഗത്തും നികുതി വരുമാനത്തിനും കോവിഡ് മഹാമാരി ശക്തമായ പ്രഹരമേല്പിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ 2020 ഏപ്രിൽ – ജൂലൈ കാലയളവിൽ സംഭവിച്ച കുറവ് 15.6 ശതമാനമാണ്. നികുതി വരുമാനത്തിൽ മാത്രം സംഭവിച്ചിരിക്കുന്ന ഇടിവ് 37.3 ശതമാനമാണ്.***

## 2020 ഏപ്രിൽ – ജൂലൈ കാലയളവിലെ കേരളത്തിന്റെ സാമ്പത്തിക നില

2020 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള സാമ്പത്തിക നിലയെ 2019 ലെ ഇതേ കാലയളവുമായി താരതമ്യം ചെയ്തുകൊണ്ടുള്ള കണക്കുകൾ പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനത്തിൽ 15.6 ശതമാനത്തിന്റെ ഇടിവുണ്ടായതായി ഈ കണക്കുകൾ വ്യക്തമാക്കുന്നു. തനത് നികുതിയേതര വരുമാനത്തിന്റെ കാര്യത്തിലാണ് ഇത് കൂടുതൽ പ്രകടമായത്. 2020 ജൂലൈയിൽ മാസത്തിൽ മാത്രം ഈയിനത്തിലെ വരുമാനത്തിൽ 79.3 ശതമാനത്തിന്റെ കുറവ് സംഭവിച്ചതായി കാണാം. 581.8 കോടി രൂപയുടെ വരുമാനം മാത്രമാണ് ഏപ്രിൽ – ജൂലൈ കാലയളവിൽ തനത് നികുതിയേതര വരുമാന മാർഗ്ഗങ്ങളിലൂടെ സംസ്ഥാന ഖജനാവിലേക്ക് എത്തിയത്. എന്നാൽ മുൻ വർഷം ഇതേ കാലയളവിൽ ഇത് 2808.3 കോടി രൂപയായിരുന്നു. അതായത് 2226.5 കോടി രൂപയുടെ കുറവ് സംഭവിച്ചിരിക്കുന്നു എന്നർത്ഥം. ലോട്ടറി ഇനത്തിലെ വരുമാനത്തിൽ ഉണ്ടായ ഇടിവാണ് ഇതിന് പ്രധാന കാരണം. എന്നാൽ കേന്ദ്രത്തിൽ നിന്ന് ലഭിച്ച

**Table 1**. State finance in Kerala: April-July 2020 over April-July 2019 (Rs. in Crore)

| Sl. No. | Description | April- July 2020 | April-July 2019 | Revenue Difference | Growth rate (Percent) |
|---|---|---|---|---|---|
| 1 | Revenue receipts (a+b) | 20091.1 | 23800.4 | -3709.4 | -15.6 |
| a) | Tax revenue | 12071.8 | 19240.4 | 7168.7 | -37.3 |
| b) | Non-tax revenue | 8019.30 | 4650.0 | 3369.3 | 72.5 |
| 2 | Capital receipts | 21559.1 | 14509.4 | 7049.7 | 48.6 |
| 2a | Borrowings &other liabilities | 21489.0 | 14088.9 | 7400.1 | 52.5 |
| 3 | Total receipts (1+2) | 41650.2 | 38309.8 | 3340.3 | 8.7 |
| 4 | Revenue expenditure | 37706.2 | 35032.2 | 2674.0 | 7.6 |
| 4(a) | Expenditure on interest payment | 4924.5 | 4597.2 | 327.4 | 7.1 |
| 4(b) | Expenditure on salaries and wages | 8910.9 | 11661.6 | -2750.7 | -23.6 |
| 4(c) | Expenditure on pension | 5810.3 | 6916.7 | -1106.4 | -16.0 |
| 4(d) | Expenditure on Subsidy | 803.8 | 589.5 | 214.3 | 36.3 |
| 5 | Capital expenditure | 3068.1 | 2788.6 | 279.5 | 10.0 |
| 5(a) | Expenditure on capital account | 3040.9 | 2750 | 290.9 | 10.6 |
| 6 | Sector wise expenditure* | 38246.3 | 36306.1 | 1940.2 | 5.3 |
| 7 | Total expenditure (4+5) | 40774.3 | 37920.8 | 2853.5 | 7.5 |
| 8 | Revenue surplus (+)/deficit(-)(1-4) | -17615 | -11231.7 | -6383.4 | 56.8 |
| 9 | Fiscal surplus/deficit | -21489 | -14088.9 | -7400.1 | 52.5 |
| 10 | Primary deficit (9-4a) | -16564 | -9491.8 | -7072.7 | 74.5 |

*Sector wise expenditure include general, Social, Economic sectors and Grants-in-aid-contributions

Source: Computed from C&AG Data

**Table 2**. Tax revenue in Kerala April-July 2020 over April-July 2019 (Rs. in Crore)

| Sl. No. | Description | April- July 2020 | April-July 2019 | Revenue Difference | Growth rate (Percent) |
|---|---|---|---|---|---|
| 1 | Goods and Service Tax(SGST) | 4779.3 | 7342.1 | -2562.9 | -34.9 |
| 2 | Taxes on sales, trade etc | 3084.6 | 5724.4 | -2639.8 | -46.1 |
| 3 | Stamps and registration fees | 633.5 | 1173.6 | -540.2 | -46.0 |
| 4 | Land revenue | 142.1 | 109.8 | 32.3 | 29.4 |
| 5 | State excise duties | 576.7 | 756.9 | -180.2 | -23.8 |
| 6 | Other taxes and duties | 581.7 | 1341.8 | -760.0 | -56.6 |
| 7 | State's share of Union taxes | 2273.9 | 2791.8 | -517.9 | -18.6 |
| 8 | Total Tax revenue | 12071.8 | 19240.4 | -7168.7 | -37.3 |

Source: Computed from C&AG Data

**Table 3**. State finance in Kerala and Tamil Nadu April-June, 2020 over 2019 (Rs. in Crore)

| Sl. No. | Description | Recorded difference in Kerala | Growth rate in Kerala (Percent) | Recorded difference in TN | Growth rate in TN (Percent) |
|---|---|---|---|---|---|
| 1 | Revenue receipts (a+b) | -5715.0 | -30.0 | -8838.5 | -23.2 |
| a) | Tax revenue | -8008.6 | -51.5 | -14368.8 | -46.3 |
| b) | Non tax revenue | 2293.6 | 65.5 | 5530.3 | 79.1 |
| 2 | Capital receipts | 10570.6 | 112.1 | 9013.1 | 87.1 |
| 2a | Borrowings & other liabilities | 10578.6 | 112.9 | 9075.4 | 89.4 |
| 3 | Total receipts (1+2) | 4855.6 | 17.1 | 154.6 | 0.3 |
| 4 | Revenue expenditure | 4162.3 | 15.9 | 1095.6 | 2.4 |
| 4(a) | Expenditure on interest payment | 173.6 | 4.9 | 1026.1 | 15.9 |
| 4(b) | Expenditure on salaries and wages | -1976.7 | -22.3 | NA | NA |
| 4(c) | Expenditure on pension | -908.7 | -17.8 | -624.9 | -7.2 |
| 4(d) | Expenditure on subsidy | 321.0 | 66.7 | NA | NA |
| 5 | Capital expenditure | 429.5 | 21.8 | -1089.9 | -36.8 |
| 5(a) | Expenditure on capital account | 439.2 | 22.7 | -1089.9 | -36.8 |
| 6 | Sector wise expenditure* | 3454.4 | 12.7 | 5.6 | 0.01 |
| 7 | Total expenditure (4+5) | 4591.8 | 16.3 | 5.6 | 0.01 |
| 8 | Revenue surplus(+)/deficit(-)(1-4) | -9877.3 | -138.9 | -9934.1 | -135.4 |
| 9 | Fiscal surplus/deficit | -10578.6 | -112.9 | -9075.4 | -89.4 |
| 10 | Primary deficit (9-4a) | -10404.9 | -177.7 | -8049.4 | -215.9 |

*Sector wise expenditure include general, Social, Economic sectors and Grants-in-aid-contributions

Source: Computed from C&AG Data

**Table 4**. Tax revenue in Kerala and Tamil Nadu 2020 over 2019 [April to June] (Rs. in Crore)

| Sl. No. | Description | Difference in Q1 in 2020 over2019 in Kerala | Growth rate in 2020 over 2019 in Kerala (%) | Difference in Q1 in 2020 over 2019 in TN | Growth rate in 2020 over 2019 in TN(%) |
|---|---|---|---|---|---|
| 1 | Goods and Service Tax(SGST) | -3606.3 | -54.7 | -4091.5 | -45.2 |
| 2 | Taxes on Sales, Trade etc | -2531.1 | -61.3 | -4912.2 | -50.9 |
| 3 | Stamps and Registration Fees | -421.9 | -50.2 | -1609.9 | -61.6 |
| 4 | Land Revenue | 22.5 | 28.3 | 3.6 | 22.9 |
| 5 | State Excise Duties | -194.5 | -34.2 | -634.9 | -38.03 |
| 6 | Other Taxes and Duties | -628.7 | -64.5 | -1590.8 | -76.4 |
| 7 | State's share of Union Taxes | -648.6 | -27.6 | -1533.0 | -25.6 |
| 8 | Total Tax Revenue(Quarter 1) | -8008.6 | -51.5 | -14368.8 | -46.3 |

Source: Computed from C&AG Data

ഗ്രാന്റുകൾ കൂടി ചേർക്കുമ്പോൾ മൊത്തം നികുതിയേതര വരുമാനത്തിൽ 72.5 ശതമാനത്തിന്റെ വളർച്ച ഉണ്ടായതായി കാണാം. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ച റവന്യു കമ്മി നികത്തുന്നതിനുള്ള ഗ്രാന്റിൽ നൽകിയ ഇടക്കാല വിഹിതമാണ് ഇതിന്റെ മുഖ്യപങ്കും. നേരത്തെ ചൂണ്ടിക്കാട്ടിയത് പോലെ ജൂലൈ വരെയുള്ള നാലുമാസകാലയളവിൽ റവന്യു വരുമാനത്തിൽ 15.6 ശതമാനത്തിന്റെ ഇടിവ് രേഖപെടുത്തിയപ്പോൾ റവന്യു ചെലവിന്റെ കാര്യത്തിൽ സംഭവിച്ചത് 7.6 ശതമാനം വർധനയാണ്. മഹാമാരിയുടെ നാളുകളിൽ സബ്സിഡി പോലുള്ള സാമൂഹ്യ സുരക്ഷാ മേഖലകളിൽ സർക്കാർ ചെലവ് 36.3 ശതമാനം കൂടിയതാണ് ഇതിനു പ്രധാന കാരണം.

**കമ്മിയുടെ തോത്**

ഒരു സംസ്ഥാനത്തിന്റെ പ്രതികൂലമായ സാമ്പത്തിക സാഹചര്യം അതിന്റെ കമ്മിയുടെ തോതിൽ നിന്നും കൂടുതൽ വ്യക്തമാകും. 2020 ഏപ്രിൽ - ജൂലൈ കാലയളവിൽ കേരളത്തിന്റെ റവന്യൂ കമ്മി 6383.4 കോടി രൂപ വർധിച്ച് 17615 കോടി രൂപയായി. ശതമാന കണക്കിൽ നോക്കുമ്പോൾ 57 ശതമാനത്തിന്റെ വർധന. ധനക്കമ്മിയിലെ വർധന 52.5 ശതമാനവുമാണെന്ന് കാണാം. സംസ്ഥാനത്തിന് കൂടുതൽ ബാധ്യത വരുന്ന വിധത്തിൽ കടമെടുക്കുന്നതിന്റെ തോത് ഉയരുമെന്ന് ഇത് അടിവരയിട്ട് വ്യക്തമാക്കുന്നു. സംസ്ഥാനത്തിന്റെ ബാധ്യതയുടെ കണക്ക് പരിശോധിക്കുമ്പോൾ 52.5 ശതമാനത്തിന്റെ വർധന ഉണ്ടായതായും വ്യക്തമാകുന്നുണ്ട്. (പട്ടിക - 1)

**സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം**

കോവിഡ് 19 മഹാമാരി കേരളത്തിന്റെ നികുതി വരുമാനത്തിന് കനത്ത പ്രഹരമേല്പിച്ചതായി കാണാം. ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള നാലു മാസക്കാലയളവിൽ നികുതി വരുമാനത്തിൽ 37.3 ശതമാനത്തിന്റെ ഇടിവ് പ്രകടമായതായി കാണാം. ഇതിന്റെ കണക്കുകൾ പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എല്ലാ നികുതിയിനങ്ങളിൽ നിന്നുള്ള വരുമാനവും കുറഞ്ഞതായി പട്ടികയിലെ കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ തന്നെ ജി എസ് ടി യിൽ നിന്നുള്ള വരുമാനം കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഉണ്ടായിരുന്ന 7342.1 കോടി രൂപയിൽ നിന്നും 4779.3 കോടിയിലേക്ക് കുറഞ്ഞതാണ് ഏറ്റവും വലിയ പ്രധാന്യം അർഹിക്കുന്ന കാര്യം. വിവിധ നികുതിയിനങ്ങളിൽ ലഭ്യമാകേണ്ട കേന്ദ്ര വിഹിതത്തിലും കാര്യമായ കുറവ് പ്രകടമാണ്. (പട്ടിക - 2 )

**തമിഴ്നാടുമായി താരതമ്യം**

വർഷം തോറും ഏകദേശം ഒന്നര ലക്ഷം കോടി രൂപയുടെ ഉത്പന്നങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തുന്നുണ്ട്. അതിൽ മൂന്നിലൊന്ന് ഉത്പന്നങ്ങൾ കേരളത്തിലേക്ക് വരുന്നത് അയൽസംസ്ഥാനമായ തമിഴ്നട്ടിൽ നിന്നുമാണ് (സുശീൽ ഖന്ന - 2020). ആയതിനാൽ കേരളത്തിന്റെയും തമിഴ്നാടിന്റേയും സാമ്പത്തിക സ്ഥിതി താരതമ്യം ചെയ്യുന്നത് ഇവിടെ പ്രസക്തമാണ്. പട്ടിക മൂന്നിൽ 2020 –21 ലെ ആദ്യപാദത്തിൽ കേരളവും തമിഴ്നാടും തമ്മിലുള്ള താരതമ്യ കണക്കുകൾ ചേർത്തിരിക്കുന്നു.

മൂന്നാം പട്ടികയിൽ നിന്നും കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ 30 ശതമാനത്തിന്റെയും തമിഴ്നാടിന്റേത് 23.2 ശതമാനവും വീതം കുറഞ്ഞതായി കാണാം. ആദ്യപാദത്തിൽ തമിഴ്നാടിന്റെ വരുമാനം 8838 കോടി രൂപയാണ് കുറഞ്ഞിരിക്കുന്നത്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ഇത് 5715 കോടി രൂപയാണ്. ഇതുമൂലം ഇരു

***മഹാമാരിയുടെ കാലത്ത് തനത് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക എന്ന വലിയ വെല്ലുവിളിയാണ് കേരളവും തമിഴ്നാടും ഒരുപോലെ നേരിടുന്നത്.***

സംസ്ഥാനങ്ങളുടെയും കടമെടുപ്പ് വലിയ തോതിൽ കൂട്ടിയിട്ടുണ്ട്. കേരളത്തിന്റെ കാര്യത്തിൽ ഇത് 112 ശതമാനവും തമിഴ്നാടിന്റെ കാര്യത്തിൽ 89 ശതമാനവുമാണ്.

തമിഴ്നാടിന്റെ നികുതി വരുമാനം 46 ശതമാനം കുറഞ്ഞപ്പോൾ കേരളത്തിന്റെ കാര്യത്തിൽ ഇടിവ് 51.5 ശതമാനമാണ്. എന്നാൽ കേരളത്തിന്റെ നികുതിയേതര വരുമാനം 65.5 ശതമാനം കണ്ട് കൂടിയപ്പോൾ തമിഴ്നാടിന് ഉണ്ടായത് 79.1 ശതമാനം വർധനവാണ്. കേന്ദ്ര സഹായത്തിലെ ഏറ്റക്കുറവുകളാണ് ഇതിനു ഒരു കാരണം. എന്നാൽ റവന്യു ചെലവുകളുടെ കാര്യത്തിൽ സ്ഥിതി വിഭിന്നമാണ്. കേരളത്തിന്റെ റവന്യു ചെലവ് ഏപ്രിൽ – ജൂൺ കാലയളവിൽ 16 ശതമാനം വളർച്ച രേഖപെടുത്തിയപ്പോൾ തമിഴ്നാടിന്റേത് 2.4 ശതമാനം മാത്രമാണ്. ജനങ്ങളുടെ ക്ഷേമ കാര്യത്തിൽ കേരളം കൂടുതൽ സജീവമായ ഇടപെടൽ നടത്തുന്നു എന്നത് ഈ കണക്ക് വ്യക്തമാക്കുന്നുണ്ട്. കേരളം ആരോഗ്യ സുരക്ഷാ രംഗത്ത് ചെലവുകൾ ഗണ്യമായി ഉയർത്തുമ്പോൾ സാമൂഹ്യ പെൻഷൻ ഉൾപ്പടെയുള്ള കാര്യങ്ങളിലാണ് തമിഴ്നാട് ചെലവുകൾ ഉയർത്തിയിരിക്കുന്നത്. തമിഴ്നാടിന് പലിശ ഇനത്തലിനുള്ള ചെലവിൽ 16 ശതമാനം വർധന രേഖപെടുത്തിയപ്പോൾ കേരളത്തിന്റെ കാര്യത്തിൽ അത് കേവലം 4.9 ശതമാനമാണ്. കേരളത്തിന്റെ മൂലധന ചെലവുകൾ ഈ ഘട്ടത്തിൽ 21.8 ശതമാനം കൂടിയപ്പോൾ തമിഴ്നാടിന്റേത് 36.8 ശതമാനം കണ്ട് കുറയുകയാണ് ഉണ്ടായത്.

കേരളത്തെ അപേക്ഷിച്ച് നോക്കുമ്പോൾ തമിഴ്നാടിന്റെ റവന്യു കമ്മി അല്പം കുറവാണ് എന്ന് കാണാം. റവന്യു കമ്മി തമിഴ്നാടിന്റേത് 135.4 ശതമാനമായിരിക്കുമ്പോൾ കേരളത്തിന്റേത് 138.9 ശതമാനമാണ്. ധനകമ്മിയുടെ കാര്യത്തിലും ഇതേ നില കാണാം. കേരളത്തിന്റെ ധനക്കമ്മി 113 ശതമാനമായിരിക്കുമ്പോൾ തമിഴ്നാടിന്റേത് 89.4 ശതമാനമാണ്. മഹാമാരിയുടെ ഘട്ടത്തിൽ തനത് വരുമാന മാർഗ്ഗങ്ങൾ ഉയർത്തുക എന്നതായിരുന്നു ഇരു സംസ്ഥാനങ്ങളും നേരിട്ട പ്രധാന വെല്ലുവിളി. റവന്യൂ കമ്മി, ധനക്കമ്മി, ഇതുമൂലമുണ്ടാകുന്ന ഉയർന്ന തോതിലുള്ള കടമെടുപ്പ് എന്നിവ രണ്ടു സംസ്ഥാനങ്ങൾക്കും ഏറെക്കുറെ സമാന സാമ്പത്തിക സാഹചര്യമാണ് സൃഷ്ടിക്കുന്നത്.

**ഇരുസംസ്ഥാനങ്ങളുടെയും തനത് നികുതി വരുമാനം**

തനത് നികുതി വരുമാന കാര്യത്തിൽ രണ്ടു

***നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ കേരളത്തിന്റെ റവന്യു കമ്മി 138.9 ശതമാനവും തമിഴ്നാടിന്റേത് 135.4 ശതമാനവും കൂടിയതായി കാണാം. തമിഴ്നാടിന്റെ ധനകമ്മി 89.4 ശതമാനമായും കേരളത്തിന്റേത് 112.9 ശതമാനമായും ഉയർന്നിട്ടുണ്ട്.***

സംസ്ഥാനങ്ങളും വലിയ തോതിലുള്ള ഇടിവ് നേരിട്ടതായി പട്ടിക നാലിലെ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. കേരളത്തിന്റെ കാര്യത്തിൽ ഇത് 51.5 ശതമാനവും തമിഴ്നാടിന്റെ കാര്യത്തിൽ 46.3 ശതമാനവുമാണ്. സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനത്തിലെ മുഖ്യ ഇനമായ എസ് ജി എസ് ടി കേരളത്തിന്റെ കാര്യത്തിൽ 54.7 ശതമാനം കുറഞ്ഞപ്പോൾ 45.2 ശതമാനം ഇടിവാണ് തമിഴ്നാടിന്റെ കാര്യത്തിൽ സംഭവിച്ചത്. പട്ടിക നാലിലെ കണക്കുകളിൽ നിന്നും ഒരുകാര്യം വ്യക്തമാണ്. ഭൂനികുതി ഒഴികെ മറ്റെല്ലാ ഇനങ്ങളിലും രണ്ടു സംസ്ഥാനങ്ങളുടെയും നികുതി വരുമാനം കുറഞ്ഞു.

■

(ആർ കെ സിംഗ് , ഐ.എ.എസ്, സംസ്ഥാന അഡിഷണൽ ചീഫ് സെക്രട്ടറിയും എൽ. അനിതകുമാരി ഗിഫ്റ്റിലെ അസോസിയേറ്റ് പ്രൊഫസറുമാണ്.)

**റഫറൻസ് :**

സുശീൽ ഖന്ന – കേരള ഇക്കോണമി, സെപ്റ്റംബർ 2020 – കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ ജി എസ് ടി ലെൻസിലൂടെ

**ടാക്സ് മോണിറ്റർ**

# ജി എസ് ടി വരുമാനം കോവിഡിന് മുൻപും ശേഷവും

ആനന്ദ് സിങ്, എൻ. രാമലിംഗം

2017 ജൂലൈ ഒന്നിന് ജി എസ് ടി എന്ന പുതിയ നികുതി സമ്പ്രദായം പിറവികൊള്ളുമ്പോൾ അത് ഒരു മാറ്റത്തിന്റെ തുടക്കമായിരുന്നു. സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്ന മൂല്യ വർധിത നികുതി , പ്രവേശന നികുതി, വിനോദ നികുതി തുടങ്ങിയവ അടക്കം നിരവധി നികുതികളും കേന്ദ്രത്തിന്റെ പരിധിയിൽ പെട്ടിരുന്ന പല നികുതികളും സംയോജിപ്പിച്ച് ഒറ്റ നികുതി എന്ന രീതിയിലാണ് ഈ പുതിയ നികുതി സമ്പ്രദായം എത്തിയത്. ഒരു സംസ്ഥാനം സമാഹരിക്കുന്ന ജി എസ് ടീയിൽ നിന്ന് തന്നെ അവിടത്തെ ഉത്പന്ന, സേവന മേഖലകളിലെ ഉപഭോഗം കണക്കാക്കാവുന്ന രീതിയിലാണ് ഇതിന്റെ ഡിസൈൻ. നികുതി റിട്ടേൺ പ്രകാരമുള്ള ഉത്പന്ന, സേവന മേഖലകളിലെ ഉപഭോഗത്തെ സംബന്ധിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി സംസ്ഥാന ജി എസ് ടി വരുമാനത്തെ വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ.

നികുതിദായകരെ ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും അടിസ്ഥാനത്തിൽ രണ്ടായി വിഭജിച്ച് ജി എസ് ടി നെറ്റ്‌വർക്കിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുക എന്നത് ഒരു വെല്ലുവിളി തന്നെയാണ്. സംസ്ഥാന ജി എസ് ടി വകുപ്പും ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കേരളയും സംയുക്തമായി നികുതി റിട്ടേൺ ആധാരമാക്കി വിശദമായ വിവരശേഖരണം നടത്തിയിരുന്നു. നികുതി റിട്ടേണുകളെ മേഖല തിരിച്ചാണ് ഈ വിവരശേഖരണം നടത്തിയത്. ഇതിനായി ആദ്യഘട്ടത്തിൽ സാധനങ്ങളെ 66 ഇനങ്ങളുടെ ഗ്രൂപ്പായും സേവനങ്ങളെ 27 മേഖലകളാക്കിയും തരംതിരിച്ചിരുന്നു. പിന്നീട് ഉത്പന്നങ്ങളെ 16 ഗ്രൂപ്പുകളായും സേവനങ്ങളെ 12 ഗ്രൂപ്പുകളായും തരംതിരിച്ചു. (പട്ടിക ഒന്ന് കാണുക). എന്നാൽ ഈ ഗ്രൂപ്പുകളിൽ ഉൾപ്പെട്ടിരിക്കുന്ന ഏതാനും ഉത്പന്നങ്ങളും സേവനങ്ങളും ജി എസ് ടീയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് (exempted). അതുകൊണ്ട് തന്നെ ഇവയുടെ ഇടപാടുകളുടെ വിവരങ്ങൾ ജി എസ് ടി സംവിധാനങ്ങളിൽ റിപ്പോർട്ട് ചെയ്യപെടുന്നവയല്ല എന്നത് ചൂണ്ടികാണിക്കേണ്ടതുണ്ട്.

***കേരളത്തിന്റെ മൊത്തം ജി എസ് ടി വരുമാനത്തിന്റെ 82 ശതമാനവും ലഭിക്കുന്നത് ഉത്പന്നങ്ങളിൽ നിന്നാണ്. മൂന്ന് ഉത്പന്ന വിഭാഗങ്ങളിൽ പെടുന്ന സാധനങ്ങളാണ് ഇതിന്റെ 50 ശതമാനവും നൽകുന്നത്. കെട്ടിട നിർമാണ സാമഗ്രികൾ, വാഹനങ്ങൾ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് എന്നിവയാണ് ഈ ഉത്പന്ന വിഭാഗങ്ങൾ.***

**Box -1**
List of commodity groups (goods)

| No. | Commodity groups | Details |
|---|---|---|
| 1 | Building Materials | Adhesives, Aluminium Products, Asbestos and Cement products, Building Material(Other), Cement, Crushed metal, M-sand& Natural sand, Glass and glassware, Hardware, Iron and Steel, Marble &Granite, Miscellaneous minerals and chemical products, Paint, Plywood and veneer, Sanitary ware, Timber, Tiles |
| 2 | Automobile | Aircraft and parts, Automobiles/Spare parts, Water Vessels& parts |
| 3 | Electrical and Electronics | Electrical and Electonic Goods, White Goods |
| 4 | Medicine and Medical products | Medical and pharmaceutical products (Including Spectacles), Medicine (Blood and pharma products) |
| 5 | Lottery | Lottery |
| 6 | Provisions and Grocery Items | Bakery and Confectionery Products, Cereals,Grains and flours, Edible Oils & Fat, Icecream and Edible ice, Miscellaneous Edible preparations, Provision and Grocery Items |
| 7 | Agriculture,Dairy and Forestry | Animal Feed, Diary and Poultery Products, Edible fruits & nuts-Fresh/dried, Edible Vegetables- Fresh/ dried, Fertilizer, Fish nets ,Ropes and cables, Fish products- Fresh/Chilled, Hill Produce, Meat products-Fresh/Chilled, Non Edibile Animal products, Oil seeds, Rubber sheet,Latex and products, wood Plup(eg: Paper scrap) |
| 8 | Industrial Goods | Copper, Explosives/Fire works, Machinary and Heavy equipments/parts, Chemicals including pesticides |
| 9 | Jewellery | Gold,Diamonds ,Precious stones and jewellery |
| 10 | Textile | Readymades, Textiles |
| 11 | Petroleum Products | Coal and petroleum products |
| 12 | Tobacco | Tobacco products |
| 13 | Fast Moving Consumer Goods | Aerated Softdrinks, Cosmetics, essential oils & perfumery, Non-Aerated juice and pulps, Toiletries |
| 14 | House hold Articles | Carpets and Floor Covers, Ceramic products, Furniture and mattresses, Household articles (Tableware, Kichenware etc.), Suitcase ,Bags, Umbrella etc., Toys, Sports and Musical Instruments, Tools and Cutlery Items |
| 15 | Footwear | footwear |

**Table 1**. Sector-wise tax revenue from state GST

| No. | Commodity groups | 2017-18* | 2018-19 | 2019-20 | Growth Rate |
|---|---|---|---|---|---|
| 1 | Building Materials | 2941.0(21.4) | 4097.5(22.0) | 3934.1(21.1) | -3.9 |
| 2 | Automobile | 2544.0(18.5) | 3338.9(17.9) | 2827.7(15.1) | -15.3 |
| 3 | Electrical and Electronics | 1511.5(11.0) | 2101.1(11.3) | 2199.6(11.8) | 4.6 |
| 4 | Medicine and Medical products | 590.1 (4.3) | 841.1 (4.5) | 808.0(4.3) | -3.9 |
| 5 | Lottery | 420.8 (3.1) | 555.7 (3.0) | 636.7(3.4) | 14.5 |
| 6 | Provisions and Grocery Items | 414.9 (3.0) | 553.7 (3.0) | 613.6(3.3) | 10.8 |
| 7 | Agriculture,Dairy and Forestry | 402.9 (2.9) | 499.0 (2.7) | 551.8(3.0) | 10.5 |
| 8 | Industrial Goods | 333.2 (2.4) | 463.2 (2.5) | 448.4(2.4) | -3.1 |
| 9 | Jewellery | 303.7 (2.2) | 420.6 (2.3) | 427.4(2.3) | 1.6 |
| 10 | Textile | 282.7 (2.1) | 403.5 (2.2) | 442.3(2.4) | 9.6 |
| 11 | Petroleum Products | 264.2 (1.9) | 379.2 (2.0) | 406.0(2.2) | 7.0 |
| 12 | Tobacco | 246.9 (1.8) | 337.6 (1.8) | 334.0(1.8) | -1.0 |
| 13 | Fast Moving Consumer Goods | 261.6 (1.9) | 326.9 (1.8) | 345.9(1.9) | 5.8 |
| 14 | House hold Articles | 208.0 (1.5) | 270.8 (1.5) | 268.3(1.4) | -0.9 |
| 15 | Footwear | 44.0 (0.3) | 59.0 (0.3) | 64.8(0.3) | 9.8 |
| 16 | Other Goods | 577.6 (4.2) | 818.0 (4.4) | 844.1(4.5) | 3.1 |
| 17 | Sub-Total | 11347.9 (82.4) | 15466.5 (82.9) | 15153.2(81.1) | -2.0 |
| | Services groups | | | | |
| 18 | Financial | 583.0(4.2) | 804.4(4.3) | 855.3(4.6) | 6.3 |
| 19 | Construction | 455.4(3.3) | 658.8(3.5) | 801.5(4.3) | 21.6 |
| 20 | Support Services | 395.6(2.9) | 521.9(2.8) | 550.3(2.9) | 5.4 |
| 21 | Telecom and Data | 440.6(3.2) | 480.1(2.6) | 539.5(2.9) | 12.3 |
| 22 | Travel and Food | 158.9(1.2) | 176.0(0.9) | 176.8(0.9) | 0.4 |
| 23 | Professional | 79.1(0.6) | 99.8(0.5) | 110.4(0.6) | 10.5 |
| 24 | Passanger Transport | 108.8(0.8) | 89.3(0.5) | 125.1(0.7) | 40.1 |
| 25 | Goods Transport | 35.7(0.3) | 52.4(0.3) | 51.0(0.3) | -2.72 |
| 26 | Leasing and Rental | 29.5(0.2) | 37.6(0.2) | 82.6(0.4) | 119.7 |
| 27 | Education | 14.2(0.1) | 20.5(0.1) | 19.1(0.1) | -6.6 |
| 28 | Entertainment | 22.3(0.2) | 18.4(0.1) | 23.8(0.1) | 29.5 |
| 29 | Other Services | 95.0(0.7) | 224.6(1.2) | 193.4(1.0) | -13.8 |
| 30 | Sub-Total | 2418.5(17.6) | 3184.1(17.1) | 3529.4(18.9) | 10.8 |
| 31 | Total | 13766.4(100) | 18650.7(100) | 18682.6(100) | 0.17 |

* For 2017-18 SGST remittance is for nine months only (1-7-2017 to 31-3-2018)

Note -1 Figures are Rupees in Crores; Parenthesis shows percentage

Note -2 The figures represent SGST remittances to Kerala by taxpayers in cash and IGST input-tax credits utilised against SGST liability

Note:3 Figures are taken from the taxpayers returns (GSTR3B) on '"Related Return period Liability Basis" remitted up to September 2020

Note: 4 As on date, returns filed for the years 17-18, 18-19 and 19-20 are 97 %, 95 % and 91 % respectively. Moreover, there is an increase in 10 % of registered persons during 19-20. Hence, for 2019-20 an increase in growth rate is anticipated once the pending returns are filed in the coming months.

Source: Calculated from the State GST Department Data Government of Kerala

***മൂന്ന് സേവന മേഖലകൾ മൊത്തം ജി എസ് ടി വരുമാനത്തിന്റെ 15 ശതമാനം നൽകുന്നു. കെട്ടിട നിർമാണം, ടെലികോം, സപ്പോർട്ടിങ് സേവനങ്ങൾ എന്നിവയാണ് അവ. സേവന മേഖല നൽകുന്ന നികുതിയുടെ മൂന്നിലൊന്ന് ഈ വിഭാഗങ്ങളിൽ നിന്നുള്ള വരവാണ്.***

പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, മൽസ്യം, ഇറച്ചി, കിഴങ്ങു വർഗ്ഗങ്ങൾ, നാളികേരം, തേയില, കാപ്പി, പാലും അനുബന്ധ ഉത്പന്നങ്ങളും, കരി , വിറക്, കാർഷിക ഉപകരണങ്ങൾ, പ്രകൃതിദത്ത വളങ്ങൾ, ജീവനുള്ള മൃഗങ്ങൾ, ചെടികൾ, വാക്സിനുകൾ, പത്രം, വൈദ്യുതി തുടങ്ങിയവയാണ് ഇതിൽ വരുന്നത്. കൊയ്ത്ത്, വിത്തിടൽ, വിതരണം, പാക്കിങ്, വെയർഹൗസിങ് തുടങ്ങിയ കാർഷിക അനുബന്ധ സേവനങ്ങളെയും നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതിനു പുറമെ, പൊതു ഗതാഗത സംവിധാനങ്ങൾ വഴിയായി വ്യക്തികൾ കൊണ്ട് പോകുന്ന ഉത്പന്നങ്ങളെയും ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

നികുതിദായകർ സമർപ്പിച്ച റിട്ടേണുകളെ ആധാരമാക്കിയുള്ള വരുമാന വിവരങ്ങൾ ബന്ധപ്പെട്ട റിട്ടേൺ പീരിയഡ് ബാധ്യതയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തിരിക്കുന്നു. 2018 -19 , 2019 -20 എന്നീ വർഷങ്ങളിലെയും കോവിഡ് ഘട്ടത്തിലെയും (മാർച്ച്-ആഗസ്റ്റ് 2020) വിശകലത്തിനായി 2020 സെപ്റ്റംബർ 30 വരെ സമർപ്പിച്ചിരിക്കുന്ന റിട്ടേണുകളാണ് പരിഗണിച്ചിരിക്കുന്നത്. കോവിഡിന് മുൻപും ശേഷവുമുള്ള ഉപഭോഗ, വരുമാന മാതൃകകൾ മനസിലാക്കുന്നതിനാണ് ഈ രീതി അവലംബിച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു മാസത്തിൽ (ഉദാഹരണത്തിന് ഏപ്രിൽ) നികുതിദായകൻ സർക്കാരിലേക്ക് അടക്കുന്ന നികുതി, തൊട്ടടുത്ത മാസത്തെ ( ഇവിടെ മെയ് മാസം) 20 ആം തീയതിക്ക് മുൻപേയുള്ള ഇൻ പുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തതിന് ശേഷമുള്ള തുകയായിരിക്കും. കോവിഡിന് മുൻപുള്ള മൂന്ന് വർഷങ്ങളിലെ കേരളത്തിലെ സ്ഥിതി പരിശോധിച്ചാൽ റിട്ടേണുകളുടെ 60 ശതമാനവും സമർപ്പിക്കപ്പെടുന്നത് അവസാന മാസത്തിലാണെന്ന് കാണാവുന്നതാണ്. ഇതിന്റെ ഫലമായി അടുത്ത മൂന്ന്, നാല് മാസങ്ങളിൽ റിട്ടേൺ സമർപ്പണം, നികുതി എന്നിവയുടെ കാര്യത്തിൽ ഒരു മെല്ലെപ്പോക്ക് പ്രകടമാണ്. ഈ ലേഖനം വിശകലനം ചെയ്യുന്നത് ബന്ധപ്പെട്ട റിട്ടേൺ പീരിയഡ് ബാധ്യതയുടെ അടിസ്ഥാനത്തിലാകയാൽ മാസാടിസ്ഥാനത്തിൽ നികുതി വരുമാന കണക്ക് തുല്യമാകണമെന്നില്ല. അതുകൊണ്ട് 2019 മാർച്ച് മുതൽ ആഗസ്റ്റ് വരെയുള്ള ഘട്ടത്തിലെ 91.8 ശതമാനം റിട്ടേണുകളും 2020 മാർച്ച് മുതൽ ആഗസ്റ്റ് വരെയുള്ള 64.5 ശതമാനം റിട്ടേണുകളും സംബന്ധമായ വിവരങ്ങൾ ഇതിൽ ഉൾപെട്ടിട്ടുണ്ട്.

ഓരോ മേഖലയിലും എത്തിയ നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കഴിച്ചു നികുതിദായകർ അടച്ച അറ്റനികുതിയാണ്. ഈ കണക്കുകളിൽ നിന്ന് സപ്ലൈ ചെയിനിൽ ഉണ്ടാകുമായിരുന്ന ഇരട്ടിപ്പ് ഒഴിവാക്കിയുള്ള വിറ്റുവരവിന്റെ ചിത്രം ലഭ്യമാകുന്നു. ഇത് സംസ്ഥാനത്തെ ഉപഭോഗത്തിന്റെ മേഖല തിരിച്ചുള്ള വിവരങ്ങളും നൽകുന്നു. എന്നാൽ അത്തരത്തിൽ ഒരു വിശകലനത്തിന് ഈ ലേഖനം മുതിരുന്നില്ല. വിറ്റുവരവിന്റെ വിവരങ്ങളിലെ സങ്കീർണ്ണതയും കൃത്യതക്കുറവുമാണ് ഇതിന് മുഖ്യമായ കാരണം. അതിന് പകരം മേഖല തിരിച്ചുള്ള നികുതി വരുമാനമാണ് വിശകലനത്തിനായി എടുത്തിരിക്കുന്നത്. ഇത് കേരളത്തിന്റെ ഉപഭോഗ രീതി ജി എസ് ടി ലെൻസിലൂടെ

**Table 2.** Sector-wise state GST revenue - Pre & post covid

| No. Groups (Goods/Services) | Actual Tax 2019-20 (March to August) | Actual Tax 2020-21 (March to August) | Actual Tax Growth Rate | Expected Tax 2020-21 (March to August) | Expected Tax Growth Rate |
|---|---|---|---|---|---|
| 1 Building Materials | 2143.3(21.3) | 1360.8(21.6) | -36.5 | 1608.5 | -24.9 |
| 2 Automobile | 1558.9(15.5) | 749.3(11.9) | -51.9 | 885.7 | -43.1 |
| 3 Electrical and Electronics | 1215.8(12.1) | 839.6(13.3) | -30.9 | 992.4 | -18.3 |
| 4 Medicine and Medical products | 412.0(4.1) | 338.2(5.4) | -17.9 | 399.8 | -2.9 |
| 5 Lottery | 298.9(3.0) | 174.8(2.8) | -41.5 | 206.7 | -30.8 |
| 6 Provisions and Grocery Items | 323.0(3.2) | 267.1(4.2) | -17.2 | 315.8 | -2.2 |
| 7 Agriculture,Dairy and Forestry | 255.9(2.5) | 200.6(3.2) | -21.6 | 237.1 | -7.3 |
| 8 Industrial Goods | 186.6(1.9) | 99.6(1.6) | -46.6 | 117.7 | -36.9 |
| 9 Jewellery | 219.5(2.2) | 130.4(2.1) | -40.5 | 154.1 | -29.7 |
| 10 Textile | 265.4(2.6) | 84.0(1.3) | -68.3 | 99.3 | -62.5 |
| 11 Petroleum Products | 202.0(2.0) | 131.3(2.1) | -35.0 | 155.2 | -23.2 |
| 12 Tobacco | 179.8(1.8) | 143.7(2.3) | -20.0 | 169.8 | -5.5 |
| 13 Fast Moving Consumer Goods | 184.0(1.8) | 149.4(2.4) | -18.7 | 176.6 | -3.9 |
| 14 House hold Articles | 154.6(1.5) | 72.4(1.1) | -53.1 | 85.6 | -44.6 |
| 15 Footwear | 34.8(0.3) | 11.7(0.2) | -66.3 | 13.8 | -60.2 |
| 16 Other Goods | 522.5(5.2) | 340.6(5.4) | -34.8 | 402.7 | -22.9 |
| 17 Sub-Total | 8157.7(80.9) | 5094.2(80.8) | -37.5 | 6021.4 | -26.1 |
| Services groups | | | | | |
| 18 Financial | 458.9(4.6) | 359.4(5.7) | -21.6 | 424.9 | -7.4 |
| 19 Construction | 414.1(4.1) | 230.3(3.7) | -44.3 | 272.3 | -34.2 |
| 20 Support Services | 103.7(1.0) | 43.0(0.7) | -58.5 | 50.8 | -50.9 |
| 21 Telecom and Data | 274.3(2.7) | 239.9(3.8) | -12.5 | 283.6 | 3.3 |
| 22 Accommodation & Food | 90.3(0.9) | 19.2(0.3) | -78.7 | 22.7 | -74.8 |
| 23 Professional | 59.6(0.6) | 33.4(0.5) | -43.8 | 39.5 | -33.6 |
| 24 Passanger Transport | 68.(0.7) | 11.6(0.2) | -82.9 | 13.7 | -79.8 |
| 25 Goods Transport | 26.1(0.3) | 16.6(0.3) | -36.2 | 19.6 | -24.6 |
| 26 Leasing and Rental | 54.9(0.5) | 12.8(0.2) | -76.6 | 15.1 | -72.4 |
| 27 Education | 12.4(0.1) | 4.1(0.1) | -66.6 | 4.9 | -60.5 |
| 28 Entertainment & Sporting | 12.6(0.1) | 2.0(0.0) | -83.7 | 2.4 | -80.8 |
| 29 Others services | 346.2(3.4) | 240.8(3.8) | -30.4 | 284.6 | -17.7 |
| 30 Sub-Total | 1922.1(19.1) | 1213.7(19.2) | -36.8 | 1434.6 | -25.3 |
| 31 Total | 10079.9(100) | 6307.9(100) | -37.4 | 7456.0 | -26.0 |

Note -1 Figures are Rupees in Crores; Parenthesis shows percentage

Note -2 The figures represent SGST remittances to Kerala by taxpayers in cash and IGST input-tax credits utilised against SGST liability

Note:3 Figures are taken from the taxpayers returns (GSTR3B) on "'Related Return period Liability Basis" remitted up to August 2020

Source: Calculated from the State GST Department Data Government of Kerala

***കെട്ടിട നിർമാണ മേഖലയുമായി ബന്ധപ്പെട്ട ഉത്പന്നങ്ങളും സേവനങ്ങളുമാണ് കേരളത്തിന്റെ മൊത്തം ജി എസ് ടി വരുമാനത്തിന്റെ നാലിലൊന്ന് സംഭാവന ചെയ്യുന്നത് എന്ന് കാണാം.***

മനസിലാക്കാൻ സഹായിക്കുന്നു.

**ജി എസ് ടി കഴിഞ്ഞ മൂന്ന് വർഷത്തിൽ**

ഇക്കാര്യത്തിലെ മേഖലാടിസ്ഥാനത്തിലുള്ള കണക്കുകൾ പട്ടിക ഒന്നിൽ കാണാം. ഇതിൽനിന്ന് വ്യക്തമാകുന്നത് 82 ശതമാനം ജി എസ് ടി വരുമാനവും വരുന്നത് ഉത്പന്നങ്ങളുടെ ക്രയവിക്രയം വഴിയാണെന്നാണ്. ഉത്പന്നങ്ങളുടെ കൂട്ടത്തിൽ മൂന്ന് പ്രധാന ഗ്രൂപ്പിൽ പെടുന്ന സാധനങ്ങളിൽ നിന്നാണ് നികുതിയുടെ ഏകദേശം 50 ശതമാനവും വരുന്നത്. കെട്ടിട നിർമാണ സാമഗ്രികൾ, വാഹനങ്ങൾ, ഇലക്ട്രിക്കൽ , ഇലക്ട്രോണിക് ഉത്പന്നങ്ങൾ എന്നിവയാണ് ആ മൂന്ന് ഉത്പന്ന വിഭാഗങ്ങങ്ങൾ. ജി എസ് ടി നിയമപ്രകാരം ലോട്ടറി, ഉത്പന്ന വിഭാഗത്തിലാണ് പെടുന്നത്. മൂന്ന് ശതമാനം നികുതിയാണ് ആ വഴിക്ക് എത്തുന്നത്. മറ്റ് ഒമ്പത് വിഭാഗങ്ങളിൽ പെടുന്ന സാധനങ്ങളിൽ നിന്ന് മൊത്തം ജി എസ് ടി വരുമാനത്തിന്റെ 19 ശതമാനവും ലഭിക്കുന്നു. പല ചരക്ക് സാധനങ്ങൾ, കാർഷിക ഉത്പന്നങ്ങൾ, ആഭരണങ്ങൾ, തുണി, എഫ് എം സി ജി, വീട്ടുപകരണങ്ങൾ, ചെരുപ്പുകൾ തുടങ്ങിയവയാണ് ഈ ഗ്രൂപ്പിൽ പെടുന്ന സാധനങ്ങൾ. വ്യാവസായിക ഉത്പന്നങ്ങൾ, പുകയില എന്നിവയിൽ നിന്നുള്ള വരുമാനം യഥാക്രമം 2.4 ശതമാനവും 1.8 ശതമാനവുമാണ്. 1.9 ശതമാനമാണ് പെട്രോളിയം ഉത്പന്നങ്ങളുടെ വിഹിതം. സ്വാഭാവികമായും പെട്രോൾ, ഡീസൽ, വ്യോമ ഇന്ധനം എന്നിവ ഒഴികെയുള്ള പെട്രോളിയം ഉത്പന്നങ്ങളിൽ നിന്നുള്ള വരുമാനമാണ് ഈ ഗണത്തിൽ വരുന്നത്. 2019 -20 ൽ തന്നെ നികുതി വരുമാനത്തിൽ രണ്ടു ശതമാനത്തിന്റെ ഇടിവ് കാണാവുന്നതാണ്. 16 ഉത്പന്ന ഗ്രൂപ്പുകളിൽ ആറെണ്ണവും തളർച്ചയാണ് കാണിച്ചത് എന്നതാണ് ഇതിനു പ്രധാനം കാരണം. ഇതിൽ തന്നെ വാഹന വിപണിയാണ് ഏറ്റവും മോശം പ്രകടനം കാഴ്ച വച്ചത്. ഈ മേഖലയിൽ 15 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയത്.

മൊത്തം ജി എസ് ടി വരുമാനത്തിന്റെ 18 ശതമാനമാണ് സർവീസ് മേഖലയിൽ നിന്ന് ലഭിക്കുന്നത്. സാമ്പത്തിക സേവനങ്ങൾ, കെട്ടിട നിർമാണം, ടെലികോം, അനുബന്ധ സേവന മേഖലകൾ എല്ലാം ചേർത്ത് മൊത്തം ജി എസ് ടി വരുമാനത്തിന്റെ 15 ശതമാനം സംഭാവന ചെയ്യുന്നു. മറ്റു 12 സേവന വിഭാഗങ്ങൾ മൊത്തം ജി എസ് ടീയുടെ മൂന്ന് ശതമാനവും നൽകുന്നു. ഭക്ഷണം, താമസ സൗകര്യം, വിദ്യാഭ്യാസം, വിനോദം, ഗതാഗതം തുടങ്ങിയവയാണ് ഇതിൽ പെടുന്നത്. ഉത്പന്ന മേഖലകളിൽ നിന്ന് വ്യതിരിക്തമായി സേവന മേഖലയിൽ വരുമാനത്തിൽ 2019 -20 ൽ 10.8 ശതമാനം വളർച്ച രേഖപെടുത്തുകയുണ്ടായി. ലീസിങ്, യാത്രാ സേവനങ്ങൾ, കെട്ടിട നിർമാണ രംഗങ്ങളാണ് ഈ നേട്ടത്തിന് പ്രധാന കാരണമെന്ന് കാണാം. എന്നാൽ വിദ്യാഭ്യാസം, ചരക്ക് നീക്കം, തുടങ്ങിയ മേഖലകളിൽ നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയത്.

മൊത്തത്തിൽ പരിശോധിക്കുമ്പോൾ ജി എസ് ടി നികുതി വരുമാനം ഉയർന്നത് കേവലം 0.17 ശതമാനം മാത്രമാണ്. 2018-19 നെ അപേക്ഷിച്ച് 2019-20 ൽ കേരളത്തിന്റെ സമ്പദ്ഘടനയുടെ നിശ്ചലാവസ്ഥയാണ് ഇത് പ്രകടമാക്കുന്നത്.

***ഉത്പന്ന മേഖലയിലെന്ന പോലെ സേവന മേഖലയിലും കനത്ത ആഘാതമാണ് കോവിഡ് ഏല്പിച്ചത്. ഈ മേഖലയിലും നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയത്. ആറ് സർവീസ് ഗ്രൂപ്പുകൾക്കുണ്ടായ ഇടിവ് 50 ശതമാനത്തിന് മുകളിലാണെന്ന് കാണാം.***

### മഹാമാരിയും ജി എസ് ടിയും

പ്രതിസന്ധിയിലായ കേരളത്തിലെ ജി എസ് ടി വരുമാനത്തിന് കോവിഡ് മഹാമാരി ഒരു കൂനാകുരുക്കായി എന്ന് പറയാം. ഇത് സംബന്ധിച്ച താരതമ്യമാണ് രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോവിഡിന്റെ ആറ് മാസക്കാലയളവിൽ പ്രതീക്ഷിക്കുന്ന വരുമാനത്തിന്റെ ഒരു പ്രൊജക്ഷനും ചേർത്തിട്ടുണ്ട്. എല്ലാ ഉത്പന്ന മേഖലകളിലും കോവിഡ് പ്രതിസന്ധി വൻ തിരിച്ചടിയായി മാറിയിട്ടുണ്ട്. കോവിഡ് ലോക്ക് ഡൌൺ എല്ലാ ഉത്പന്ന മേഖലകളെയും പിന്നോട്ടടിപ്പിച്ചു എന്ന് പറയാം. നാല് ഉത്പന്ന ഗ്രൂപ്പുകളിൽ ഇടിവ് 50 ശതമാനത്തിന് മുകളിലാണ്. ആട്ടോമൊബൈൽ–51 ശതമാനം, തുണി– 68 ശതമാനം, പാദരക്ഷ–66 ശതമാനം, വീട്ടുപകരണങ്ങൾ–51.3ശതമാനം എന്നിങ്ങനെയാണ് നികുതി വരുമാനത്തിൽ തളർച്ച പ്രകടമാക്കിയത്. കെട്ടിട നിർമാണ സാമഗ്രികൾ, ഇലക്ട്രിക്ക്, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ രംഗത്ത് ഇടിവ് യഥാക്രമം 37 ശതമാനവും 31 ശതമാനവും വീതമായിരുന്നു. കോവിഡിന്റെ ആറ് മാസത്തെ കണക്കുകൾ വിശകലനം ചെയ്യുമ്പോൾ മൊത്തം ജി എസ് ടി വരുമാനത്തിൽ സംഭവിച്ച കുറവ് 38 ശതമാനമാണെന്ന് കാണാം. കോവിഡ് പശ്ചാത്തലത്തിൽ നികുതി അടയ്ക്കാനുണ്ടായ കാലതാമസം കൂടി പരിഗണിച്ചാലും വരുമാനത്തിലെ ഇടിവ് 26 ശതമാനമെങ്കിലും വരും.

ഉത്പന്ന മേഖലയിലെന്ന പോലെ സേവന മേഖലയിലും കനത്ത ആഘാതമാണ് കോവിഡ് ഏല്പിച്ചത്. ഈ മേഖലയിലും നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയത്. ആറ് സർവീസ് ഗ്രൂപ്പുകൾക്കുണ്ടായ ഇടിവ് 50 ശതമാനത്തിന് മുകളിലാണെന്ന് കാണാം. സാമ്പത്തിക സേവനങ്ങൾ, കെട്ടിട നിർമാണം എന്നീ മേഖലകളിൽ യഥാക്രമം 22 ശതമാനം, 44 ശതമാനം വീതം കുറവ് കാണിച്ചു. മൊത്തത്തിലെടുക്കുമ്പോൾ സർവീസ് മേഖലയിൽ നികുതി വരുമാന നഷ്ടം 37 ശതമാനമാണെന്ന് കാണാം. കോവിഡ് ഘട്ടത്തിൽ സർവീസ് മേഖലയിൽ നിന്നുള്ള ജി എസ് ടി വരുമാനം 1213 കോടി രൂപയിൽ ഒതുങ്ങി. എന്നാൽ 2019 ൽ ഇതേ കാലയളവിൽ ഇത് 1922 കോടി രൂപയായിരുന്നുവെന്ന് കാണാം. കുടിശ്ശികയായുള്ളതു കൂടി കണക്കിലെടുത്താലും സർവീസ് മേഖലയിൽ നിന്നുള്ള ജി എസ് ടി പരമാവധി 1434 കോടി ആകാനേ സാധ്യതയുള്ളൂ. കോവിഡ് മഹാമാരിയുടെ ആറ് മാസക്കാലയളവിൽ ജി എസ് ടീയിൽ നിന്നുള്ള മൊത്തം വരുമാനം 6300 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലെ വരുമാനത്തിന്റെ 63 ശതമാനം മാത്രമാണ് ഇത്.

■

(ആനന്ദ് സിങ്, ഐ.എ.എസ്, സംസ്ഥാന എസ് ജി എസ് ടി വകുപ്പ് കമ്മീഷണർ, എൻ രാമലിംഗം – അസോസിയേറ്റ് പ്രൊഫസർ, ഗിഫ്റ്റ്)

(സ്ഥിതിവിവര കണക്കുകൾക്ക് കടപ്പാട് : കെ. ഷാഹുൽഹമീദ്, ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ജി എസ് ടി വകുപ്പ്)

GIFT GULATI INSTITUTE OF FINANCE AND TAXATION

## പ്രൈസ് മോണിറ്റർ

# കോവിഡ് 19 : റബർ വിപണിക്ക് തിരിച്ചടി

ഡി. നാരായണ

***കോവിഡ് ലോക്ക്ഡൗൺ സ്വാഭാവിക റബറിന്റെ ഉത്പാദനം, വില എന്നിവയെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ വർഷം മെയ് മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ വിവിധ ഗ്രേഡുകളുടെ വിലയിൽ 10 മുതൽ 20 ശതമാനം വരെ ഇടിവ് പ്രകടമായിരുന്നു. ഉല്പാദനത്തിന്റെ കാര്യത്തിൽ ഏപ്രിൽ മാസത്തിലാണ് ഏറ്റവും കുറവുണ്ടായത്. ഏപ്രിലിൽ ഉത്പാദനം 50 ശതമാനത്തോളം ഇടിഞ്ഞു.***

നിലവിലെ പ്രതിസന്ധി ഘട്ടത്തിൽ നിന്നും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ തിരിച്ചുവരവിന് കാർഷിക മേഖല സഹായകമാകുമെന്ന ഒരു പൊതുനിഗമനമുണ്ട്. 2019 -20ൽ ഇന്ത്യയിലെ ഭക്ഷ്യധാന്യ ഉത്പാദനം 2018 -19നെ അപേക്ഷിച്ച് 3.7 ശതമാനം കൂടുതലായിരുന്നുവെന്ന് കാണാം. നടപ്പ് സാമ്പത്തിക വർഷത്തെ റബി സീസണിലെ ഗോതമ്പ് സംഭരണത്തിൽ 12.6 ശതമാനത്തിന്റെ വളർച്ച കാണാം. 2020 -21ലെ ആദ്യപാദത്തിൽ ഭക്ഷ്യ വസ്തുക്കളുടെ പണപ്പെരുപ്പനിരക്ക് 9 .2 ശതമാനമായിരുന്നു. മികച്ച ഡിമാന്റിന്റെ സൂചകമായി ഇതിനെ വിലയിരുത്താവുന്നതാണ്. നടപ്പ് സാമ്പത്തിക വർഷത്തെ ഖരീഫ് സീസണിലെ വിളയിറക്കൽ, തൊട്ടു തലേ വർഷത്തെ അപേക്ഷിച്ച് 14 ശതമാനം അധികമാണ്. ഇതെല്ലാം വ്യകതമാക്കുന്നത് കാർഷിക മേഖലയുടെ താരതമ്യേന

**Table 1**. Land under Plantation Tree Crops in Kerala

| Tree /Crop | Area in Hectares |
|---|---|
| Tea | 35,871 |
| Coffee | 84,976 |
| Cardamom | 39,080 |
| Natural Rubber | 5,51,050 |
| Coconut | 7,56,890 |
| Total | 14,67,687 |
| % of Gross Cropped Area | 56.81 |
| GCA less Tree Crops | 11,16,320 |

Sources: www.indiacoffee.org; www.ecostat.kerala.gov.in

**Fig1**. Natural Rubber Prices in the Kottayam Market, 2010 to 2019 (Rs per 100 Kg.)




Source: rubberboard.org.in/indianprices

**Table 2** . Monthly production of rubber (Tonnes)

| Month | RSS | | Solid Block Rubber | | Latex Concentrates (drc) | | Total | |
|---|---|---|---|---|---|---|---|---|
| | 2019 | 2020 | 2019 | 2020 | 2019 | 2020 | 2019 | 2020 |
| January | 54600 | 61380 | 12060 | 12020 | 8700 | 9150 | 78000 | 86000 |
| February | 30230 | 31085 | 11595 | 12500 | 6975 | 8265 | 50000 | 53000 |
| March | 16000 | 15850 | 9850 | 9550 | 6450 | 5650 | 33000 | 32000 |
| April | 18555 | 10750 | 8065 | 1850 | 4700 | 1700 | 32000 | 15000 |

Source: Rubber Statistical News (Various issues) available at rubberboard.org.in

മെച്ചപ്പെട്ട പ്രകടനമാണ്. എന്നാൽ ഇത് പറയുന്ന അത്ര ലളിതമായി വിലയിരുത്താനാകുമോ ? പ്രാദേശികാടിസ്ഥാനത്തിലും ഓരോ വിളയുടെ അടിസ്ഥാനത്തിലുമുള്ള വിലയിരുത്തൽ ഇക്കാര്യത്തിൽ പ്രത്യേകം പ്രസക്തമാണ്.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യമെടുക്കുമ്പോൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയുടെ കാര്യത്തിൽ കേരളം ഏറ്റവും പിന്നിലാണെന്ന് കാണാം. 2018-19ലെ കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ മൊത്തം കൃഷിഭൂമിയുടെ വിസ്തീർണ്ണം 25,84,000 ഹെക്ടറാണ്. കൃഷി ഭൂമിയുടെ അറ്റ വിസ്തൃതി 20,16,000 ഹെക്ടറുമാണ്. കേരളത്തിന്റെ കാർഷിക മേഖലക്ക് ചില തനത് പ്രത്യേകതകളുണ്ട്. പ്രകൃതിദത്ത റബർ, നാളികേരം, ഏലം, മറ്റു സുഗന്ധ വ്യഞ്ജനങ്ങൾ, തോട്ടവിളകൾ എന്നിവയുടെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ ഉത്പാദക സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇതിൽ മിക്കവയും വൃക്ഷവിളകളായതിനാൽ ഒരിക്കൽ കൃഷി ചെയ്താൽ

**Table 3** . Monthly average prices of rubber (Rs per 100 Kg)

| Month | RSS4 | | % Change | Latex (60%) | | % Change |
|---|---|---|---|---|---|---|
| | 2019 | 2020 | | 2019 | 2020 | |
| January | 12466 | 13512 | 8.39 | 8773 | 8572 | -2.29 |
| February | 12433 | 13536 | 8.87 | 8328 | 8528 | 2.40 |
| March | 12802 | 13047 | 1.91 | 8248 | 8448 | 2.42 |
| April | 12828 | NT | - | 8708 | NT | - |
| May | 13604 | 11573 | -14.93 | 9259 | 8023 | -13.35 |
| June | 15029 | 12013 | -20.07 | 9493 | 8511 | -10.34 |
| July | 14956 | 12683 | -15.20 | 9787 | 8128 | -16.95 |
| August | 14336 | 13219 | -7.79 | 9949 | 7870 | -20.90 |
| September | 13317 | - | - | 10618 | - | - |
| October | 12140 | - | - | 10101 | - | - |
| November | 12817 | - | - | 9133 | - | - |
| December | 13140 | - | - | 8879 | - | - |

Source: Rubber Statistical News (Various issues) available at rubberboard.org.in for RSS4; and rubberboard.org.in/indianPrices for latex (60%) accessed 14 Sept 2020.

***കോവിഡ് ലോക്ക്ഡൗൺ നാളികേര ഉല്പാദന മേഖലയെ അത്ര പ്രതികൂലമായി ബാധിച്ചിട്ടില്ലെന്ന് കാണാം. 2019 മെയ് മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ ആ വർഷം രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന വിലയേക്കാൾ 20 ശതമാനം കണ്ട് കുറവായിരുന്നു വില. എന്നാൽ ഈ വർഷം ഇതേ മാസങ്ങളിൽ താരതമ്യേന ഉയർന്ന വിലയാണ് രേഖപ്പെടുത്തിയത്. ജനുവരി, ഫെബ്രുവരി മാസങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ മെയ് – ജൂലൈ കാലയളവിൽ വില 7 .5 മുതൽ 10 ശതമാനം വരെ കുറവാണ് ഉണ്ടായത്.***

പിന്നീട് പെട്ടെന്ന് മാറ്റി മറ്റൊരു വിള കൃഷി ചെയ്യാനാകില്ല. കേരളത്തിൽ വൃക്ഷവിള കളുടെ പ്രകടമായ ആധിക്യം പട്ടിക ഒന്നിൽ നിന്ന് വ്യക്തമാകുന്നുണ്ട്. അഞ്ചു പ്രധാന വിളകളെടുക്കുമ്പോൾ മൊത്തം കൃഷി ചെയ്യുന്ന സ്ഥലം 15 ലക്ഷം ഹെക്ടറാണ്. മൊത്തം കൃഷിയിടത്തിന്റെ 57 ശതമാനം വരുമിത്.

റബർ, നാളികേരം എന്നീ വിളകളെ പ്രത്യേകമായി എടുത്ത് വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ. റബറിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ ഉത്പാദകർ കേരളമാണ്. മൊത്തം ദേശീയ ഉല്പാദനത്തിന്റെ 80 ശതമാനത്തലധികവും കേരളത്തിലാണ്. 2011ലാണ് റബർ വില ഏറ്റവും ഉയർന്ന തോതിലെത്തിയത്. ആ വർഷം ആർ എസ് എസ് നാല് ഗ്രേഡ് റബറിന്റെ വില കിലോ ഗ്രാമിന് 200 രൂപക്ക് മുകളിലെത്തി. എന്നാൽ അതിനു ശേഷം വിലയിൽ തുടർച്ചയായ ഇടിവ് പ്രകടമായി. 2012ൽ കണ്ടത് 15 ശതമാനം ഇടിവാണ്. അടുത്ത വർഷം എട്ട് ശതമാനവും 2014ൽ 19 ശതമാനത്തിന്റെ റെക്കോഡ് ഇടിവും ഉണ്ടായി. 11 ശതമാനം കുറവോടെ 2015ലും വിലയിടിവ് തുടർന്നു. അതായത് അഞ്ചു വർഷത്തിനിടയിൽ ഏറെക്കുറെ 50 ശതമാനം വിലത്തകർച്ചയാണ് റബർ വിപണിയിൽ ഉണ്ടായത്. 2015ൽ 2011നെ അപേക്ഷിച്ച് പകുതിയായി വില താഴ്ന്നു. 2015 –19 കാലയളവിലും വിലനിലവാരം ഏറെക്കുറെ സ്റ്റെഡിയായിതുടർന്നു. എന്നാൽ സ്റ്റെഡിയായി തുടർന്ന് വന്നിരുന്ന വില കോവിഡ് ലോക്ക് ഡൗണിനെ തുടർന്ന് കാര്യമായ തിരിച്ചടി നേരിടുകയായിരുന്നു.

**Table 4** . Coconut retail prices in Kerala, 2010 - 2019

| Year | Price (Rs per 10 no.s) | % Change |
|---|---|---|
| 2010 | 106.10 | - |
| 2011 | 84.33 | -20.52 |
| 2012 | 84.47 | 0.17 |
| 2013 | 156.79 | + 85.62 |
| 2014 | 176.06 | +12.29 |
| 2015 | 150.23 | -14.67 |
| 2016 | 144.82 | -3.60 |
| 2017 | 246.36 | +70.11 |
| 2018 | 192.95 | -21.68 |
| 2019 | 188.57 | -2.27 |

Source: Price Bulletin (Various Issues) available at ecostat.kerala.gov.in

**Table 5** . Monthly retail prices of coconut (without Husk in Rs)

| Month | 2019 | 2020 | % Change |
|---|---|---|---|
| January | 212.43 | 197.00 | -7.26 |
| February | 199.98 | 202.91 | 1.47 |
| March | 187.89 | - | - |
| April | 177.68 | - | - |
| May | 166.33 | 185.41 | 11.47 |
| June | 159.57 | 179.55 | 12.52 |
| July | 157.89 | 176.18 | 11.58 |
| August | 174.56 | - | - |
| September | 184.48 | - | - |
| October | 182.07 | - | - |
| November | 183.68 | - | - |
| December | 188.57 | - | - |

Source: Price Bulletin (Various Issues) available at ecostat.kerala.gov.in

ഇന്ത്യയിലെ റബർ ഉല്പാദനത്തിന്റെ സിംഹ ഭാഗവും ആർ എസ് എസ് 3, 4, 5 തുടങ്ങിയ ഗ്രേഡുകളായാണ്. എന്നാൽ സമീപകാല ത്തായി ഇത് സോളിഡ് ബ്ലോക്ക് റബർ (15 ശതമാനം), ലാറ്റക്സ് കോൺസെൻട്രേറ്റ് തുടങ്ങിയ ഇനങ്ങളിലേക്ക് മാറിയിട്ടുണ്ട്. ഈ വർഷം ജനുവരിയിൽ ഉത്പാദനം കഴിഞ്ഞ ജനുവരിയെ അപേക്ഷിച്ച് 10 ശതമാനം കൂടിയിട്ടുണ്ട് (പട്ടിക-2). ഫെബ്രുവരിയിൽ ആറ് ശതമാനത്തിന്റെ വർധന ഉണ്ടായപ്പോൾ മാർച്ചിൽ ഉത്പാദനം കഴിഞ്ഞ മാർച്ചിനെ അപേക്ഷിച്ച് സ്റ്റെഡിയായിരുന്നതായും കാണാം. എന്നാൽ ഏപ്രിലിലാണ് ലോക്ക് ഡൗണിന്റെ തിരിച്ചടി ഉല്പാദനത്തിൽ ഏറ്റവും ശക്തമായി പ്രകടമായത്. 53 ശതമാനത്തിന്റെ ഇടിവ്.

2019ൽ പ്രതിമാസ ശരാശരി വില ഉയരുന്ന പ്രവണത പ്രകടമാക്കിയിരുന്നു (പട്ടിക-3). ജനുവരി മുതൽ ജൂൺ വരെയുള്ള ഘട്ടമെടു ത്താൽ ആർ എസ് എസ്-4 ഗ്രേഡിന്റെ വിലയിൽ 20 ശതമാനം വളർച്ചയാണ് ഉണ്ടായത്. 2019ന്റെ രണ്ടാം പകുതിയിൽ നേരിയ ഇടിവ് ഉണ്ടായെങ്കിലും 2020 മാർച്ച് വരെ വില ഉയർന്ന തലത്തിൽ തുടർന്നു. എന്നാൽ ലോക്ക്ഡൗണിൽ സാമ്പത്തിക മേഖല നേരിട്ട തളർച്ച മൂലം ഈ മുന്നേറ്റ പ്രവണതക്ക് തിരിച്ചടിയേറ്റു. ഏപ്രിൽ മാസത്തിൽ വിപണിയിൽ കാര്യമായ ഇടപാടുകൾ നടന്നില്ല. മേയിൽ വ്യാപാരം പുനരാരംഭിച്ചപ്പോൾ വിലയിൽ 10 ശതമാനം ഇടിവാണ് കണ്ടത്. ആഗസ്റ്റ് മാസത്തോടെ വിലയിൽ നേരിയ ചലനങ്ങൾ പ്രകടമാ യെങ്കിലും ജനുവരിയിലെ നിലവാരത്തിലേക്ക് എത്താൻ കഴിഞ്ഞില്ല.

ലാറ്റെക്സിന്റെ വിലയിൽ വേറിട്ട ഒരു ചിത്രമാണ് പ്രകടമായത്. 2019 ഒക്ടോബർ മാസം വരെ കുത്തനെ ഉയർന്ന വില പിന്നീട് സ്റ്റെഡിയായി കുറയുന്നതാണ് കണ്ടത്. ലോക്ക് ഡൗൺ, ഇടിവിന് ആക്കം കൂട്ടുകയും ചെയ്തു. മെയ് മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ വിവിധ ഗ്രേഡുകളുടെ വിലയിൽ 10 മുതൽ 20 ശതമാനം വരെയുള്ള കുറവാണ് ഉണ്ടായത്.

റബറിന്റെ ഉല്പാദനത്തെയും കോവിഡ് ലോക്ക് ഡൗൺ സാരമായി ബാധിച്ചിട്ടുണ്ട്. ഏപ്രിലിലാണ് ഇത് ഏറ്റവും രൂക്ഷമായത്. ആ മാസം ഉത്പാദനം 50 ശതമാനത്തി ലധികം ഇടിഞ്ഞു. തുടർന്നുള്ള മാസങ്ങളിൽ ഉല്പാദനത്തിൽ മുന്നേറ്റം പ്രതീക്ഷിക്കുന്നു ണ്ടെങ്കിലും കഴിഞ്ഞ വർഷത്തെയപേക്ഷിച്ച് കുറയുമെന്നാണ് പൊതുനിഗമനം. തോട്ടമുടമ കൾക്ക് ഏപ്രിൽ മാസത്തിൽ 70 ശതമാന ത്തോളം വരുമാന നഷ്ടം ഉണ്ടായതായാണ് കണക്കാക്കുന്നത്. അത്രത്തോളമല്ലെങ്കിലും തുടർന്നുള്ള മാസങ്ങളിലും വരുമാനത്തിൽ കുറവ് സംഭവിക്കുമെന്നാണ് പ്രതീക്ഷി ക്കുന്നത്.

നാളികേരത്തിന്റെ കാര്യമെടുത്താൽ സംസ്ഥാനത്തെ മൊത്തം കൃഷി ചെയ്യുന്ന ഭൂമിയുടെ 30 ശതമാനത്തോളം വരും ഈ കൃഷിയുടെ വിസ്തീർണ്ണം. കഴിഞ്ഞ പത്ത് വർഷകാലത്തിനിടയിൽ വിലയിൽ പ്രകടമായ ചാഞ്ചാട്ടം ഉണ്ടായതായി കാണാം (പട്ടിക-4). 2011ൽ നാളികേരത്തിന്റെ ചില്ലറ വില്പന വിലയിൽ 20 ശതമാനം ഇടിവുണ്ടാ യപ്പോൾ, തൊട്ടടുത്ത വർഷം കാര്യമായ മാറ്റം ഉണ്ടായില്ല. 2013ൽ വില 86 ശതമാനം കുതിച്ചുയർന്നു. അടുത്ത വർഷം 12 ശതമാനവും വില ഉയർന്നു. അതായത് രണ്ടു വർഷം കൊണ്ട് നാളികേര വില ഇരട്ടിയായി. അടുത്ത രണ്ടു വർഷങ്ങളിൽ യഥാക്രമം 15 ശതമാനം, 4 ശതമാനം വീതം വില കുറയുക യായിരുന്നു. മൂന്നാം വർഷം 70 ശതമാനം വരെ വിലമുന്നേറ്റം കണ്ടിരുന്നു. അങ്ങനെ നോക്കുമ്പോൾ 2017ലെ വില 2011നെ അപേക്ഷിച്ച് മൂന്നിരട്ടിയാണെന്ന് കാണാം. 2018ലും 2019ലും നേരിയ ഇടിവാണ് കണ്ടതെങ്കിലും പൊതുവെ മുന്നേറ്റ പ്രവണതയാണ് പ്രകടമായത്. റബറിൽ നിന്ന് വ്യത്യസ്തമായി കോവിഡും ലോക്ക്

ഡൗണും നാളികേര വിപണിയെ അത്ര രൂക്ഷമായി ബാധിച്ചിട്ടില്ല (പട്ടിക-5). 2019 മെയ് മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ ആ വർഷം രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന വിലയേക്കാൾ 20 ശതമാനം കുറവായിരുന്നു വിലയെങ്കിലും 2020ലെ അതേ മാസങ്ങളിൽ താരതമ്യേന ഉയർന്ന വിലയാണ് രേഖപ്പെടുത്തിയത്. ജനുവരിയിലെയും ഫെബ്രുവരിയിലെയും വിലയുമായി തട്ടിച്ച് നോക്കുമ്പോൾ മെയ് മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ 7.5 മുതൽ 10 ശതമാനം വരെ വിലക്കുറവാണ് രേഖപ്പെടുത്തിയത്.

കേരളത്തിലെ പ്രമുഖമായ രണ്ടു കാർഷിക വിളകളെ കുറിച്ച് പഠിക്കുമ്പോൾ വളരെ വ്യത്യസ്തമായ രണ്ടു ചിത്രമാണ് കാണാൻ കഴിയുക. കേരളത്തിന് പുറത്ത് വിപണിയുള്ള, ഒരു വ്യാവസായിക അസംസ്കൃത വസ്തുവായ റബറിന് വിലയിലും ഉത്പാദനത്തിലും തിരിച്ചടിയാണ് ഉണ്ടായതെന്ന് കാണാം. എന്നാൽ കേരളത്തിനകത്ത് കാര്യമായ മാർക്കറ്റുള്ള , ഒരു ഭക്ഷ്യ വസ്തുവായ നാളികേരത്തിന്റെ വിലയിൽ തകർച്ച ഉണ്ടായില്ലെന്നത് എടുത്തുപറയത്തക്കതാണ്. ടാപ്പ് ചെയ്യാത്ത റബർ മരങ്ങളിലെ ഉത്പാദനം നഷ്ടപ്പെടുമ്പോൾ, ഇപ്പോൾ വിളവെടുക്കാത്ത തേങ്ങയ്ക്ക് പിന്നീട് മാർക്കറ്റുണ്ടാകുന്നുവെന്ന വസ്തുതയുണ്ട്. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ നാളികേരത്തിന് കാര്യമായ ഉല്പാദനനഷ്ടം ഉണ്ടാകുന്നില്ല. അതുകൊണ്ട് കോവിഡിന്റെ ആഘാതം ഓരോ വിളയ്ക്കും ഓരോ രീതിയിലാണെന്ന് വിലയിരുത്താൻ കഴിയും.

■

(ഗിഫ്റ്റിന്റെ മുൻ ഡയറക്ടറാണ് ലേഖകൻ)

**ലേബർ & എംപ്ലോയ്മെന്റ്**

# വരുമാനവും കൂലിയും കേരളത്തിൽ : ഒരു താരതമ്യം

എ വി ജോസ്

കേരള ഇക്കോണമി യുടെ ആദ്യ ലക്കത്തിൽ കേരളത്തിലെ തൊഴിൽ മേഖലയിലെ സമീപകാലത്തെ അനുമാനകണക്കുകളെ സംബന്ധിച്ച് പ്രതിപാദിച്ചിരുന്നുവല്ലൊ. സംസ്ഥാനത്തെ തൊഴിൽ എടുക്കുന്നവരുടെ ഗ്രൂപ്പിൽപെടുന്ന സ്ത്രീകളുടെയും പുരുഷൻ മാരുടെയും കണക്കുകളും ഇവരിൽ തൊഴിലുള്ളവർ, ഇല്ലാത്തവർ, തൊഴിലാളി സഞ്ചയത്തിന് പുറത്തുള്ളവർ എന്നിവരുടെ ഘടന സംബന്ധിച്ച വിവരങ്ങളും ആ ലേഖനത്തിൽ വിശദമായി ചർച്ച ചെയ്തിരുന്നു. ഇതിനു പുറമെ, കാർഷിക മേഖല, വ്യവസായ മേഖല, സേവന മേഖല എന്നിവയിലെ ജോലിക്കാരുടെ അനുപാതം, സ്വയംതൊഴിൽ കണ്ടെത്തിയവർ, സ്ഥിരം ജോലിക്കാർ, ദിവസ വേതനക്കാർ എന്നിവരുടെ പൊതുനില സംബന്ധിച്ച വിവരങ്ങളും പ്രസ്തുത ലേഖനത്തിൽ അവലോകനം ചെയ്തിരുന്നു. സംസ്ഥാനത്ത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മയുടെ തോത് ഉയർന്നതാണെന്നത് അതിൽ നിന്ന് വ്യക്തമാണ്. അഭ്യസ്തവിദ്യരായ വനിതകളുടെ എണ്ണം കൂടുന്ന മുറയ്ക്ക് ഇത് ഉയരുന്നതിനുള്ള സാധ്യത കൂടുതലായി കാണാം. സ്ത്രീകളുടെ തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി കൂടുതൽ സ്ത്രീകൾക്ക് സ്ഥിരവരുമാനമുള്ള തൊഴിൽ കണ്ടെത്തുക എന്ന വലിയ വെല്ലുവിളി സംസ്ഥാനം നേരിടുന്നുണ്ട്.

ഒരു സംസ്ഥാനത്ത് ഉടലെടുക്കുന്ന തൊഴിൽ അവസരങ്ങളും ഉണ്ടാകുന്ന വരുമാനവും ഉപഭോഗവും തമ്മിൽ ഏറെ പൊരുത്തമുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം വരുമാനം അവിടെയുള്ള തൊഴിൽനിലയുടെ നേരിട്ടുള്ള പ്രതിഫലനമാണെന്ന് കാണാം. ഒരു സംസ്ഥാനം സാമ്പത്തിക വളർച്ചയും സാമൂഹ്യ പുരോഗതിയും കൈവരിക്കുന്ന മുറയ്ക്ക് ജനങ്ങൾക്കിടയിൽ വിവിധ മേഖലകളിലേക്കുള്ള മാറ്റത്തിലേക്ക്, അതായത് കാർഷിക മേഖലയിൽ നിന്നും വ്യവസായ, സർവീസ് മേഖലകളിലേക്കും, ഗ്രാമീണ മേഖലയിൽനിന്നും പട്ടണ പ്രദേശങ്ങളിലേക്കുമുള്ള മാറ്റങ്ങളിലേക്ക് അത് നയിക്കുന്നത് കാണാം. തൊഴിലെടു

***2018 ൽ വിദേശത്ത് നിന്ന് ഇന്ത്യയിലേക്കയച്ച മൊത്തം പണത്തിന്റെ 19 ശതമാനവും എത്തിയത് കേരളത്തിലാണ്. 1 .12 ലക്ഷം കോടി രൂപയോളം വരുമിത്. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം അഖിലേന്ത്യതലത്തേക്കാൾ 15 ശതമാനം കൂടുതലാണ്.***

**Table 1.** Some comparative estimates of income, worker productivity and wages in Kerala and All India

| Sl. No | | Kerala | India |
|---|---|---|---|
| 1 | Per capita GSDP at current prices in 2018-19 (Rs) | 225483 | 142719 |
| 2 | Monthly per capita expenditure Rural, 2011-12 (Rs) | 2669 | 1430 |
| 3 | Monthly per capita expenditure Urban, 2011-12 (Rs) | 3408 | 2630 |
| 4 | GVA per worker, all non-Agr. establishments 2015-16 (Rs) | 191667 | 152703 |
| 5 | Annual emoluments per worker, all non-Agri.est.2015-16 (Rs) | 126163 | 87977 |
| 6 | Average Monthly Earnings of the Regularly Paid Men (Rs) | 21091 | 16859 |
| 7 | Average Monthly Earnings of the Regularly Paid Women (Rs) | 15237 | 12487 |
| 8 | Average Monthly Earnings of the Self-Employed Men (Rs) | 14484 | 11171 |
| 9 | Average Monthly Earnings of the Self-Employed Women (Rs) | 5540 | 4845 |
| 10 | Average Monthly Earnings of Casual Workers Men (Rs) | 11231 | 7009 |
| 11 | Average Monthly Earnings of Casual Workers Women (Rs) | 4852 | 4110 |

Sources: Row 1: Government of India (2020a) GSVA/NSVA by economic activities Rows 2-3: Government of India (2020) Vol 2, A-29, A-169; Row 4: Government of India (2017) Statements T 19 p 147; Row 5: Govt. of India (2017) T 23 p 151; Rows: 6 to 11: Worked out from Tables 42-45 in PLFS (2018-19). They are simple average of earnings of three status groups reported in four quarters of the PLFS. As for casual labour, the daily wages were multiplied by the days worked per month.

ക്കുന്നവരെ സംബന്ധിച്ചിത്തോളം സമ്പദ് വ്യവസ്ഥയിലെ വളരുന്ന രംഗങ്ങളിലേക്ക് ചേക്കേറി അവരുടെ തൊഴിലും വരു മാനവും ഉറപ്പാക്കുക എന്നതാണ് ഈ മാറ്റത്തിന് പിന്നിൽ പ്രകടമാകുന്നത്. തൊഴിലിന്റെ ഘടന, ഉത്പാദനക്ഷമത, തൊഴിലാളികളുടെ വരുമാനം തുടങ്ങിയ വയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃ തമായാണ് ഇത് സംഭവിക്കുന്നത്.

കേരളത്തിൽ ഇത്തരം മാറ്റം ഉണ്ടാകുന്നതിന് അടിസ്ഥാനമായ തെളിവുകൾ എന്തൊക്കെ യെന്ന് പരിശോധിക്കാം. ഈയടിസ്ഥാ നത്തിൽ കേരളത്തെ അഖിലേന്ത്യാതല വുമായി താരതമ്യം ചെയ്യുന്ന ചില സ്ഥിതിവിവര കണക്കുകൾ ഈ കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു. ഇതിലെ ആദ്യ കോളത്തിൽ കേരളത്തിലെ കണക്കും രണ്ടാമത്തെ കോളത്തിൽ അഖിലേന്ത്യ തലത്തിലുള്ള കണക്കുളുമാണ് കൊടുത്തി രിക്കുന്നത്.

വരുമാന കാര്യത്തിലെ ഏറ്റവും മികച്ച സൂചകം പ്രതിശീർഷ മൊത്തം ആഭ്യന്തര ഉത്പാദനമാണ് അഥവാ ജി എസ് ഡി പി – പി സി ആണ്. വിപണനത്തിന് വേണ്ടി ഉല്പാദിപ്പിക്കുന്ന മൊത്തം ഉത്പന്നങ്ങളു ടെയും സേവനങ്ങളുടെയും നിലവിലെ വിലയുടെ അടിസ്ഥാനത്തിലുള്ള മൂല്യ ത്തിന്റെ പ്രതിശീർഷാടിസ്ഥാനത്തിലുള്ള കണക്കാണ് ഇത്. കേരളത്തിന്റെ ശരാശരി വരുമാനം അഖിലേന്ത്യ അടിസ്ഥാനത്തിലു ള്ളതിന്റെ ഏകദേശം 60 ശതമാനം കൂടുതലാണ് എന്ന് കാണാം. ഹരിയാനയും കർണാടകയും ഒഴിച്ചുള്ള, 50 ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങളേ ക്കാൾ കൂടുതലാണ് കേരളത്തിന്റെ ശരാശരി

***ആയിരത്തിത്തൊള്ളായിരത്തി അൻപതുകൾക്കു ശേഷമുണ്ടായ നയപരമായ പല തീരുമാനങ്ങൾ കേരളത്തിലെ വരുമാനത്തിലും ഉപഭോഗത്തിലും ഉണ്ടായിരുന്ന അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിന്റെ ആരോഗ്യം, വിദ്യാഭ്യാസം, കുറഞ്ഞ വരുമാനക്കാർക്കുള്ള ഭവനനിർമാണം തുടങ്ങിയ മേഖലകളിലെ പൊതുനിക്ഷേപം ഉയർത്തുന്നതിന് സഹായകമായിട്ടുണ്ട്. കൂടാതെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുന്നതിനും ഇത് വഴി തുറന്നു.***

വരുമാനം. കേരളത്തിന്റെ ഉയർന്ന ജി എസ് ഡി പി – പി സിയും വ്യാവസായിക, സേവന മേഖലകളിലെ ഉയർന്ന തൊഴിൽ അനുപാതവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കഴിഞ്ഞ ലക്കത്തിൽ ചൂണ്ടികാട്ടിയിരുന്നത് പോലെ കേരളത്തിലെ 80 ശതമാനത്തോളം വരുന്ന തൊഴിലാളികൾ വ്യവസായ, സേവന മേഖലകളിലേക്ക് ചേക്കേറിയിരിക്കുന്നതായി കാണാം. ഈ മേഖലകളിലെ താരതമ്യേന ഉയർന്ന പ്രതിശീർഷ ഉത്പാദനമാണ് ഇതിനു നിദാനം.

ഒരു സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കപ്പെടുന്ന മൊത്തം വരുമാനത്തിന്റെ അളവാണ് മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (ജി എസ് ഡി പി). പുറമെ നിന്ന് വന്ന് ഇവിടെ താമസിച്ചു പണിയെടുക്കുന്ന തൊഴിലാളികളുടെയും കുടിയേറ്റ തൊഴിലാളികളുടെയും വരുമാനം ഒഴിവാക്കിയുള്ള കണക്കാണ് ഇത്. എന്നാൽ കേരളത്തിലെ പല കുടുംബങ്ങളുടെയും പ്രധാന വരുമാന മാർഗമായ, വിദേശത്ത് നിന്ന് അയക്കുന്ന പണം ഇതിൽ എവിടെയാണ് കണക്കാക്കുന്നത് എന്ന പ്രശ്നവും ഇവിടെയുണ്ട്. 2018 വർഷത്തെ കണക്കുകൾ വച്ച് നോക്കുമ്പോൾ ഇന്ത്യയുടെ മൊത്തം റെമിറ്റൻസിന്റെ 19 ശതമാനം എത്തിയത് കേരളത്തിലാണ്. 1.12 ലക്ഷം കോടി രൂപയോളം വരുമിത് (ഇക്കണോമിക് ടൈംസ്, 2019 ജൂലൈ 20). അതായത് 260,000 രൂപ (3500 യു. എസ് ഡോളർ) വരുന്ന കേരളത്തിന്റെ പ്രതിശീർഷ വരുമാനം അഖിലേന്ത്യ തലത്തിലുള്ളതിനേക്കാൾ 15 ശതമാനം കൂടുതലാണ് എന്നർത്ഥം. ഇത് കണക്കിലെടുക്കുമ്പോൾ കേരളം വരുമാനത്തിന്റെ കാര്യത്തിൽ മധ്യവർഗ വരുമാന രാജ്യങ്ങളുടെ പട്ടികയിൽ വരുന്നു. ഈ പട്ടികയിലെ സ്ഥാനം ഒരു ആശ്വാസദായകമായി കരുതാമെങ്കിലും മധ്യവർഗ വരുമാന കെണിയിൽ ഉൾപെടുന്നതിനുള്ള സാധ്യത ഇത് ഉളവാക്കുന്നുണ്ട് എന്നതാണ് യാഥാർഥ്യം. ഒരു തരത്തിൽ പറഞ്ഞാൽ കേരളം ഒരു വരുമാനകെണിയിൽ ആണെന്ന് കാണാം.

ഉയർന്ന പ്രതിശീർഷ വരുമാനം കേരളത്തിന്റെ ഉയർന്ന പ്രതിമാസ പ്രതിശീർഷ ഉപഭോഗത്തിനും (എം പി സി ഇ) കാരണമാണ്. അഖിലേന്ത്യ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ അർബൻ മേഖലയിൽ എം പി സി ഇ 30 ശതമാനവും ഗ്രാമീണ മേഖലയിൽ 87 ശതമാനവും കൂടുതലാണെന്ന് കാണാം. എന്നാൽ ഈ ഉയർന്ന വരുമാനവും ഉപഭോഗവും കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ തിളക്കത്തിന് മതിയായ ആധാരമല്ല. ഇവിടെ നമ്മൾ ഏറ്റവും ലളിതമായ പ്രതിശീർഷ വരുമാനവും ഉപഭോഗവും കണക്കിലെടുക്കേണ്ടതുണ്ട്. ഇത് കേരളത്തിലെ വിവിധ വിഭാഗം ജനങ്ങളും പ്രദേശങ്ങളും തമ്മിലുള്ള വരുമാനത്തിലെ പ്രകടമായ അന്തരം വെളിവാക്കുന്ന ഒന്നാണ്.

സംസ്ഥാനത്തിന്റെ ചരിത്രം പരിശോധിക്കു

മ്പോൾ ഇത്തരം അന്തരത്തിന് ഒരുതരം നൈരന്തര്യം ഉണ്ടെന്ന് കാണാം. പത്തൊൻ പതാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ തുടങ്ങിയ സാമൂഹ്യ പരിഷ്കരണ ശ്രമങ്ങൾ അസമത്വവും അനീതിയും പ്രകടമായി നിലനിന്നിരുന്ന ഒരു സമൂഹത്തെ കുറിച്ചുള്ള വ്യക്തമായ മുന്നറിയിപ്പുകൾ നൽകിയിരുന്നു. ആയിരത്തിത്തൊള്ളായിരത്തി അമ്പതുകൾക്ക് ശേഷം ഉണ്ടായ നയപരമായ സുപ്രധാന തീരുമാനങ്ങൾ ഈ അസമത്വത്തെ മാറ്റുന്നതിന് സഹായകയമായ ഘടകങ്ങളാണ്. ഇത്തരം ഇടപെടലുകൾ പൊതുജനാരോഗ്യം, വിദ്യാഭ്യാസം, താഴ്ന്ന വരുമാനക്കാർക്കായുള്ള ഭവന നിർമാണം തുടങ്ങിയ മേഖലകളിലെ സംസ്ഥാനത്തിന്റെ പൊതുചെലവുകൾ ഉയർത്തുന്നതിനും കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നത് അടക്കമുള്ള പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സഹായകമായിട്ടുണ്ട്. ഇത് കേരളത്തിന്റെ വരുമാന വിതരണത്തിലെ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തുകയും ചെയ്തിട്ടുണ്ട്.

തൊഴിലും അതുവഴിയുള്ള വരുമാനവും ഉയർത്തുന്നതിലൂടെ വരുമാനവും ഉപഭോഗവും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിന് ഈ മാറ്റം സഹായകമായിട്ടുണ്ട്. വരുമാനത്തിലെ വളർച്ച തൊഴിലാളിയുടെ പ്രതിശീർഷ ഉല്പാദനവുമായി ഒത്തുപോകുന്ന ഒന്നാണ്. ഇതിൽ രണ്ടാമത്തെ കാര്യം ഏതു സ്ഥലത്തായാലും, തൊഴിൽ മേഖലയിലായാലും വേതനം നിർണ്ണയിക്കുന്നതിൽ ഒരു പ്രധാന ഘടകമായി മാറുന്നു. ഉല്പാദനക്ഷമതയിൽ ഉണ്ടാകുന്ന വളർച്ച സ്വാഭാവികമായും ഉപഭോഗ ചെലവുകളെയും സ്വാധീനിക്കുന്നു. കേരളത്തിലെ ഉയർന്ന പ്രതിശീർഷ വരുമാനവും ഉപഭോഗവും സംസ്ഥാനത്ത് നിലനിൽക്കുന്ന ഉയർന്ന ഉല്പാദനക്ഷമതയും വേതനവും മൂലമാണെന്ന് കാണാം. ഇതിന് ഉപോൽബലകമായ കണക്കുകൾ പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2015–16ൽ നടന്ന ദേശീയ സാമ്പിൾ സർവേയുടെ എഴുപത്തിമൂന്നാം റൗണ്ടിന്റെ കണ്ടെത്തലുകൾ പരിശോധിക്കാം. ഇതനുസരിച്ച് തൊഴിലാളിയുടെ പ്രതിശീർഷ മൂല്യ വർധന (ജി വി എ) കേരളത്തിൽ 191,667 രൂപയാണെന്ന് കാണാം. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ കാര്യമാണ് ഇത്. ദേശീയ ശരാശിയെക്കാൾ 25 ശതമാനം അധികമാണ് കേരളത്തിലെ ഇക്കാര്യത്തിലെ മൂല്യവർധന. ഈ സർവെ പ്രകാരം 126,163 രൂപയാണ് സംസ്ഥാനത്തെ കാർഷികേതര മേഖലയിലെ തൊഴിലാളിയുടെ പ്രതിശീർഷ വാർഷിക വരുമാനം. ഇത് ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന വരുമാനവുമാണ്. അഖിലേന്ത്യ ശരാശരി 87,977 രൂപയാണെന്ന് ഓർക്കണം.

സമാനമായ രീതിയിൽ വിവിധ വിഭാഗങ്ങളിൽപെടുന്ന തൊഴിലെടുക്കുന്ന സ്ത്രീകളുടെയും പുരുഷൻമാരുടെയും മാസവരുമാനം സംബന്ധിച്ച വിവരങ്ങൾ പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2018 –19ൽ കേന്ദ്ര സർക്കാർ നടത്തിയ തൊഴിൽ സർവെ (പീരിയോഡിക് ലേബർ ഫോഴ്സ് സർവെ – പി എൽ എഫ് എസ്) അനുസരിച്ച് കേരളത്തിലെയും ദേശത്തെയാടിസ്ഥാനത്തിലെയും ശരാശരി വരുമാന വിവരങ്ങളാണ് അതിൽ ചേർത്തിരിക്കുന്നത്. ഇത് പരിശോധിക്കുമ്പോൾ മിക്ക വിഭാഗങ്ങളിലും കേരളത്തിന്റെ ശരാശരി, അഖിലേന്ത്യ ശരാശരിയേക്കാൾ 20 ശതമാനത്തിലും അധികമാണെന്ന് കാണാം. ദിവസവേതനക്കാരായ പുരുഷന്മാരുടെ കാര്യത്തിൽ വരുമാനത്തിലെ ഈ വ്യത്യാസം ഏറെ പ്രകടമാണ്. കേരളത്തിലേക്ക് അഥിതി തൊഴിലാളികൾ കൂടുതലായി എത്തുന്നതിന്റെ കാരണവും ഇത് തന്നെയാണ്.

